
# ലിറ്റിൽ മാസിക

ലക്കം 126 ഏപ്രിൽ 2011








# ഇറോം ഷർമിളയും അന്നാ ഹസാരയും


അന്ന ഹസാര 5 ദിവസമാണ് ഉപവസിച്ചത്. കുറഞ്ഞ ദിവസങ്ങൾ കൊണ്ട് മാധ്യമങ്ങളുടെയും മദ്ധ്യവർഗ്ഗ സമൂഹത്തിന്റെയും പിന്തുണയോടെ അഴിമതിക്കെതിരായ ഒരു പ്രക്ഷോഭമായി അത് മാറുകയും ലക്ഷ്യം നേടുകയും ചെയ്തു.

കഴിഞ്ഞ 10 വർഷക്കാലമായി ക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ഇറോം ഷർമിളയുടെ നിരാഹാര സമരം ഇപ്പോഴും തുടരുന്നു

## മണിപ്പൂരിൽ നിന്ന് ഡൽഹിയിലേക്ക് ഇത്ര ദൂരമോ?








## ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ

പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ
ചന്ദ്രബാബു തൃക്കലങ്ങോട്

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി

കവർച്ചിത്രം
സതീഷ് ചളിപ്പാടം

ടൈപ്പ് സെറ്റിംഗ്
ജസീല

ലേഔട്ട്
ലിമാ ക്രിയേറ്റീവ്

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി
9895117614



**Copy left**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. കോപ്പിറൈറ്റ് എന്ന ആശയത്തിന് നേർ വിപരീതമാണ് കോപ്പി ലെഫ്റ്റ്. ആശയങ്ങളുടെ തടസ്സമില്ലാത്ത ഒഴുക്കാണ് കോപ്പിലെഫ്റ്റ് എന്നപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്.


എഡിറ്റോറിയൽ

# ചെറിയ ഗ്രൂപ്പുകൾ നിർണ്ണായകമാവുമ്പോൾ



### പ്രതിരോധ പ്രവർത്തനം എത്ര ചെറുതോ, അസംഘടിതമോ, വികേന്ദ്രീകൃതമോ ആവട്ടെ, അതുണ്ടാവുക എന്നതാണ് പ്രധാനം

പശ്ചിമേഷ്യയിലും അറബ് സമൂഹങ്ങളിലും നടക്കുന്ന ജനാധിപത്യത്തിനായുള്ള ജനകീയ പ്രക്ഷോഭങ്ങളുടെ വലിയ പ്രത്യേകത അതൊന്നും ആസൂത്രിതമായ ഘടനയോ, കേന്ദ്രീകൃതമായ നേതൃത്വമോ ഉള്ള സുസംഘടിതമായ സമരങ്ങളല്ലാ എന്നുള്ളതാണ്. പൊതുവികാരം പങ്കുവെയ്ക്കുന്ന വിവിധ ജനവിഭാഗങ്ങൾ നടത്തുന്ന തികച്ചും ജനകീയമായ പ്രക്ഷോഭങ്ങളുടെ സമാഹാരങ്ങളാണവ. വലിയ നേതാക്കൻമാരോ, വലിയ സംഘടനയോ ഒരിടത്തും ഇല്ല. ചെറിയ ചെറിയ സമരഗ്രൂപ്പുകളുടെ ഒത്തുചേരലാണ് ഈജിപ്തിലെ ഭരണമാറ്റത്തിലേക്കുവരെ വഴിതെളിച്ചത്. മറ്റൊരു സവിശേഷമായ സംഗതി, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ നിർവ്വഹിച്ച പങ്കാണ്. അതുപോലെ ചെറിയ സന്നദ്ധ സംഘടനകൾ, കൊച്ചു പ്രസിദ്ധീകരണങ്ങൾ, ബദൽ വാർത്താവിതരണ സ്ഥാപനങ്ങൾ.... ഇവയൊക്കെ ഈ ജനമുന്നേറ്റങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു.

ഭരണകൂടത്തിനെതിരെ അമേരിക്കയും ബ്രിട്ടനുമടക്കമുള്ള പാശ്ചാത്യ രാജ്യങ്ങളിലും നിരവധി ചെറിയ ജനകീയ സംഘടനകൾ ഇതിനകം രൂപം കൊണ്ടിട്ടുണ്ട്. ടീപാർട്ടി, കോഫി പാർട്ടി, ഗ്രീൻപാർട്ടി തുടങ്ങിയ പേരുകളിൽ അസംതൃപ്തരായ ജനങ്ങൾ ഇതിനകം തന്നെ സംഘടിച്ചിരിക്കുന്നു.

കോർപറേറ്റുകൾ രാജ്യഭരണം നടത്തുന്ന നവലോകക്രമത്തിൽ ഒറ്റപ്പെട്ടതും, സ്ഥാപനവൽക്കരിക്കപ്പെടാത്തതുമായ ചെറുത്തുനിൽപ്പുകൾ അനിവാര്യമാണ്. വിക്കി ലീക്ക്സ് പോലുള്ള ചാവേർ പോരാട്ടങ്ങൾ . ഇനിയും ഇനിയും വന്നുകൂടായ്മയില്ല. സമാധാനപരവും, ജനകീയവും, ധാർമ്മികവുമായ സമരരീതികളിലൂടെ പ്രതിരോധിക്കാൻ തയ്യാറാവാത്തപക്ഷം ആ റോൾ നിർവ്വഹിക്കാൻ വിധ്വംസക ശക്തികളും, മതതീവ്രവാദികളും കടന്നുവരികയാവും ഫലം!പ്രതിരോധ പ്രവർത്തനം എത്ര ചെറുതോ, അസംഘടിതമോ, വികേന്ദ്രീകൃതമോ ആവട്ടെ, അതുണ്ടാവുക എന്നതാണ് പ്രധാനം. സത്യത്തിന്റെ പിൻബലമുള്ളപ്പോൾ ഇവ വിജയം കാണുക തന്നെ ചെയ്യും.

---

" I hope we can break out of this colonial framework and work towards a free citizenry in a free country " - **Binayak Sen**



---

## കുരുവികൾക്കായി ഒരു ദിവസം

മാർച്ച് 20 അന്താരാഷ്ട്ര സ്പാരോ ഡേ (Sparrow Day) ആയി ആചരിക്കുന്നു. വന്ന് വന്ന് കുരുവികൾക്കും ഒരു ദിനമോ? വൻതോതിൽ വംശനാശം സംഭവിക്കുന്ന കുരുവികളെ, ജീവന്റെ വിലപ്പെട്ട കണ്ണികളിലൊന്നായി തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ ആഹ്വാനം ചെയ്യുന്നതാണീ ദിനാചരണം.



## ആമയെക്കുറിച്ച് ചില കാര്യങ്ങൾ കൂടി..



മന്ധര പർവ്വതം വസുകി എന്ന സർപ്പം കൊണ്ട് ചുറ്റിയാണല്ലോ ദേവൻമ്മാരും അസുരൻമ്മാരും ചേർന്ന് കടലിൽ പാലാഴിമഥനം നടത്തിയത്. സർപ്പംആശയെയും കടൽ സംസാരത്തെയും പ്രതീക വൽക്കരിക്കുന്നു. നിശ്ചയ ദാർഢ്യത്തെ ആവിഷ്കരിക്കുന്ന മന്ധര പർവ്വതം ഇടയ്ക്ക് ഇളകുമ്പോൾ അതിനെ ഉറപ്പിച്ച് നിർത്തുന്നതിന് ആമയുടെ അവതാരം ഉണ്ടാകുന്നു.ആമ അവിടെ ഇളകുന്നതിനെ ഉറപ്പിച്ച്നിർത്തുന്നതിന്റെ പ്രതീകമാവുന്നു. ക്ഷേത്രങ്ങളിൽ പ്രതിഷ്ഠകളും ദീപസ്തംഭവും ഉറപ്പിച്ചിരിക്കുന്നത് ആമയുടെ പുറത്താണ്. ആമ ധ്യാനത്തേയും ആവിഷ്കരിക്കുന്നതിങ്ങനെയാണ്.

---

### എഡിറ്റോറിയൽ പോളിസി



*ലിറ്റിൽ മാസിക സാധാരണക്കാരന്റെ ഭാഷ സംസാരിക്കാൻ പരമാവധി ശ്രമിക്കുന്നു.അസാധാരണമായത് മാത്രം തിരയുന്ന മാദ്ധ്യമ ശൈലിയോട് വിയോജിക്കുന്നതുകോണ്ടാണ് ചെറിയ തോതിലെങ്കിലും ലിമാ സ്വീകരിക്കപ്പെടുന്നത്.*

*വായിക്കുന്നവർക്ക് എറ്റവും എളിയ രീതിയിലെങ്കിലും പ്രയോജനപ്പെടണമെന്ന് മാത്രം നിർബന്ധമായതിനാൽ ചിലപ്പോൾ പാചകക്കുറിപ്പും ഉന്നത രചനയാവും മാസികയ്ക്ക്. ദയവായി മാസികയോട് കലഹിക്കുകയെങ്കിലും ചെയ്യുക....*

---

ജീവിതചിന്ത/ഫുക്കവോക്ക

# ജീവിതത്തിന്റെ പ്രാധാന്യം അതിന്റെ ദൈർഘ്യമല്ല

**ചോദ്യം:** *ജീവിതത്തിന്റെ സമസ്തഭാവങ്ങളും നമുക്കു വെളിവായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, മറ്റൊരു മൃഗത്തിനും മനുഷ്യനോളം അറിവില്ലെന്നോ അവ മനുഷ്യനെപ്പോലെ തന്നെ ജീവിക്കുന്നില്ലെന്നോ പറയുന്നത് ശരിയല്ലേ?*

**ഉത്തരം:** അതേ യുക്തി തുടരുകയാണെങ്കിൽ കുറുക്കനോ പക്ഷികൾക്കോ എന്തു തിന്നണമെന്നോ എന്തു കൃഷി ചെയ്യണമെന്നോ ഒരു പിടിയുമില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം ആ ജീവികളുടെ ജീവിതം വളരെ ലോലവും അപ്രധാനവുമാണ്. വാസ്തവം നേരെ തിരിച്ചല്ലേ? അങ്ങേയറ്റം വിശ്വാസ്യമായ അറിവും നന്നാവുന്ന ജീവിതരീതിയും ഉള്ളത് ഈ മൃഗങ്ങൾക്കാണ്.

**ചോദ്യം:** *ഏത് അർത്ഥത്തിൽ?*

**ഉത്തരം:** അവ ഓരോ ദിവസവും ഒട്ടും മടിയോ അനിശ്ചിതത്വമോ ഇല്ലാതെ തികവിൽ ജീവിക്കുന്നു.

**ചോദ്യം:** *പക്ഷേ, മനുഷ്യൻ കീടമോ പുഴുവോ അല്ല. അനിശ്ചിതത്വവും ആധിയും നിറഞ്ഞ ജീവിതം പോലും ശരിയാണ്. എന്തിന്, മനുഷ്യന്റേതായ ജീവിതരീതിക്കുവേണ്ടിയുള്ള തന്റെ അഭിനിവേശത്തിൽ നിന്ന് മനുഷ്യനു പ്രത്യേക അഭിമാനം തന്നെ തോന്നുന്നു. മനുഷ്യരാശിയുടെ ശാശ്വതക്ഷേമം ഉറപ്പുവരുത്താമെന്ന പ്രതീക്ഷയിൽ ജീവിതദൈർഘ്യത്തിനുവേണ്ടി മല്ലടിക്കാനുള്ള അവസരം മനുഷ്യൻ കൈനീട്ടി വാങ്ങുമെന്നൊരു വീക്ഷണമുണ്ട്. മറ്റ് ജീവജാലങ്ങൾക്ക് ഇതിനു കഴിവില്ലതാനും.*

**ഉത്തരം:** അങ്ങനെ ചിന്തിക്കുന്നവർ മേശലഭത്തിന്റെ അല്ലലില്ലാത്ത മൂന്നു ദിവസത്തെ ജീവിതം അർത്ഥശൂന്യമാണെന്ന്, ആഹ്ലാദവിഷാദങ്ങൾ നിറഞ്ഞതെങ്കിലും മനുഷ്യജീവിതം കൂടുതൽ അർത്ഥവത്താണ് എന്ന ദൃഢവിശ്വാസത്തിലാണ്. പ്രക്ഷുബ്ധമായ നരകം ശാന്തവും സമാധാനപൂർണ്ണവുമായ പറുദീസയെക്കാൾ രസകരമാണെന്ന് പറയുന്നമാതിരിയാണിത്. ചുരുക്കത്തിൽ, ജീവിതത്തിന്റെ പ്രാധാന്യം അതിന്റെ, ദൈർഘ്യം നോക്കി കണക്കാക്കാനാവില്ല.

---

# തണ്ണീർപന്തലുകൾ

ഷിനോ ജേക്കബ് കൂറ്റനാട്

**കുറച്ചുകാലം മുമ്പ് വരെ ആർക്കും ഏതൊരു വീട്ടിലും കടയിലും കയറിച്ചെന്ന് കുടിക്കാൻ ഇത്തിരി വെള്ളം ചോദിക്കാമായിരുന്ന.ു. എന്നാൽ ഇന്നോ?**



*കൂറ്റനാട്ടെ ഒരു തണ്ണീർ പന്തൽ*

പണ്ട് രാജഭരണകാലത്ത് രാജാവിന്റെ ചിലവിൽ വഴിയോരങ്ങളിൽ യാത്രക്കാർക്ക് വിശ്രമത്തിനും കുടിവെള്ളത്തിനുമായി സത്രങ്ങളും തണ്ണീർപന്തലുകളുമുണ്ടായിരുന്നു. എന്നാൽ ഇന്നിത് കേവലം ഓർമ്മ മാത്രമായി ചില റവന്യൂ രേഖകളിൽ മാത്രം അവശേഷിക്കുന്നു. ഇന്നവ റവന്യൂ പുറമ്പോക്കു ഭൂമിയായി സംരക്ഷിക്കപ്പെടുന്നു. ജനാധിപത്യത്തിന്റെ ഇക്കാലത്ത് വിശ്രമത്തിനും കുടിനീരിനും പണം മുടക്കണം. കത്തിക്കാളുന്ന വേനലിൽ യാത്രകളിൽ കുടിവെള്ളത്തിനായി വലിയ ഒരു തുക തന്നെ ചിലവാക്കേണ്ടിവരുന്നു. കുറച്ചുകാലം മുമ്പ് വരെ ആർക്കും ഏതൊരു വീട്ടിലും കടയിലും കയറിച്ചെന്ന് കുടിക്കാൻ ഇത്തിരി വെള്ളം ചോദിക്കാമായിരുന്നു. വെള്ളം കൊടുക്കുന്നവർക്കും കുടിക്കുന്നവർക്കും സന്തോഷം. എന്നാൽ കാലം മാറിയതോടെ ഇരുകൂട്ടരും പരസ്പരം സംശയിക്കാൻ തുടങ്ങി.

എന്നാൽ ഇന്നും പഴമയുടെ നൻമ സൂക്ഷിക്കുന്നവരുണ്ട്. ഇപ്പോളിതാ പാലക്കാട് ജില്ലയിൽ പലയിടത്തും വഴിയാത്രക്കാർക്ക് സൗജന്യമായി കുടിവെള്ളം ലഭിക്കുന്ന തണ്ണീർപന്തലുകൾ ഉയർന്നുവരുന്നു. സൂര്യാഘാതം വരെ സംഭവിക്കുന്ന പാലക്കാട് ഇത് വലിയ ഒരു അനുഗ്രഹമാണ്. കൂറ്റനാട് 2009 ൽ തണ്ണീർപന്തൽ തുടങ്ങി. ഈ വർഷം സംഭാരമാണ് ദാഹിക്കുന്നവർക്ക് നൽകുന്നത്.



പ്രതികരണം

## ചോണന്‍ കൊലപാതകവും സസ്യപാചകവും

2011 ഡിസംബര്‍ 124 കിട്ടുന്നതുവരെ ദിവസവും ഞാന്‍ അനേകം (ചോണന്‍) കൊല്ലുന്ന കൊലപാതകിയായിരുന്നു. അതിന് ചെറിയ പ്രവൃത്തിയിലെ അശ്രദ്ധ ബോദ്ധ്യമായി ജാഗ്രതയോടെ പ്രവൃത്തിക്കാന്‍ തുടങ്ങിയതോടെ കൊലപാതകവും നിന്നു. ഉടന്‍ ചായക്കോപ്പ വൃത്തിയാക്കി. മറ്റൊന്നുകൂടി സൂചിപ്പിക്കട്ടെ. അനേകരെ പണ്ടുള്ളവര്‍ പട്ടടയ്ക്ക് ഒന്നിച്ചു വെയ്ക്കുമായിരുന്നു. തേങ്ങ ചുരണ്ടിക്കഴിഞ്ഞാല്‍ ചിരട്ട ഭിത്തിയോട് ചേര്‍ത്തുവയ്ക്കും. 5 മിനിറ്റിനുള്ളില്‍ നെയ്യുറുമ്പുകളോ കട്ടുറുമ്പുകളോ നിറയും. കത്തിക്കൊണ്ടിരിക്കുന്ന അടപ്പിലേക്ക് കൊട്ടി വീണ്ടും വെയ്ക്കും. മനുഷ്യന്റെ പരിഷ്ക്കരിച്ച കൂടുണ്ടാക്കല്‍ കണ്ടിട്ടാവാം കാക്കയും കൂട് പരിഷ്ക്കരിക്കാന്‍ തുടങ്ങി. ചില്ലക്കൊമ്പുകള്‍ സുലഭമായി കിട്ടുന്ന എന്റെ പ്രദേശത്ത് കാക്കകളുടെ കൂട്ടില്‍ ചില്ലക്കമ്പില്ല; കമ്പികളും വയറുകളും. കൂടുണ്ടാക്കിയ ശേഷം തെങ്ങുകയറ്റക്കാരന് വാക്കത്തി കൊണ്ട് ഇളക്കിക്കളഞ്ഞാല്‍ മൂര്‍ച്ച നഷ്ടപ്പെടുമെന്ന ഭയം. എന്റെ മുന്നില്‍ കാക്കയുടെ ചുണ്ടില്‍ നിന്നും ഒരു ചാണ്‍ നീളമുള്ള S ആകൃതിയിലുള്ള ഒരു ടെമ്പുള്ള കമ്പി വീണു. അത് ഞാന്‍ കൊളുത്തായി ഉപയോഗിക്കുന്നു. സുകേതുവിന്റെ A+ നല്ലത്. അന്ന് സാമ്പത്തികം ഇല്ലെങ്കിലും ആത്മാര്‍ത്ഥ ഐക്യം ഉണ്ടായിരുന്നു. ഇന്ന് സാമ്പത്തികം ഉണ്ട്. 3, 4 കുടുംബങ്ങള്‍ (ന്യൂക്ലിയര്‍) യോജിച്ചാല്‍ ഒരു ചാക്ക് അരിയെടുത്ത് ഭാഗിക്കാം. പലവ്യഞ്ജനങ്ങള്‍ ഉണക്കിപ്പൊടിക്കാം.

ഒരുസസ്യപാചകക്കുറിപ്പ് ഇതാ..

മുളപ്പിച്ച ചെറുപയര്‍, അതേ അളവില്‍ അധികം മൂക്കാത്ത തേങ്ങ ചുരണ്ടിയത്, കാന്താരിമുളക്, ഇഞ്ചി, വെളുത്തുള്ളി, നുള്ള് ജീരകം, പച്ചമുളക്, ഉപ്പ്, മഞ്ഞള്‍പ്പൊടി, വേപ്പില, ഉള്ളി ഇവ ചതച്ചതു ചേര്‍ത്ത് തിരുമ്മി പൊത്തിവച്ച് കടുക് താളിച്ച് പകുതി വേവില്‍ ചൂടോടെ വിളമ്പുക

*-എല്‍സി ടീച്ചര്‍, മുല്ലേപ്പറമ്പില്‍,ഇടക്കൊച്ചി*

## നഷ്ടപ്പെടുന്ന സാധാരണജീവിതം

ലിറ്റില്‍ മാസിക ലക്കം 125 കിട്ടി.ബഹളങ്ങള്‍ക്കിടയില്‍ നഷ്ടപ്പെടുന്നസാധാരണജീവിതംഅടയാളപ്പെടുത്തുന്ന ധീരതയില്‍മനുഷ്യത്വം മുഖംമൂടിയില്ലാതെ പ്രസരക്കുന്നു.മനുഷ്യനോട് ചേര്‍ന്നുനില്‍ക്കാന്‍ സഹായിക്കുന്ന നിലപാടുകള്‍ പുതുതലമുറയ്ക്ക് പുതുജന്‍മമേകട്ടെ!കുട്ടികള്‍ക്കിടയില്‍ തീര്‍ച്ചയായും ലിറ്റില്‍ മാസികപരിചയപ്പെടുത്തും.

*-മുനീര്‍ അഗ്രഗാമി,അമല്‍ കോളേജ്,നിലമ്പൂര്‍*


ആവി യന്ത്രം വായിച്ചോ?

35 രൂപ ലിറ്റില്‍ മാസികയുടെ വിലാസത്തില്‍ അയക്കുക




നാട്ടുശാസ്ത്രം

# പഴയ സൈക്കിള്‍ കൊണ്ടൊരു വിപ്ലവം


**വൈദ്യുതിയോ മോട്ടോറോ കൂടാതെ വെള്ളം പമ്പ് ചെയ്ത് ഉപയോഗിക്കാവുന്ന ലളിതമായ വിദ്യ. ഏതൊരു സാധാരണക്കാരനും വീട്ടിലോ, കൃഷിയിടത്തിലോ, സ്കൂളിലോ എളുപ്പം ചെയ്യാം. കായംകുളത്തെ കാപ്പില്‍ കിഴക്ക് വിവേക് പാലസില്‍ വിജയകുറുപ്പാണ് ഈ വിദ്യ കണ്ടെത്തിയത**

പുതിയ കാലത്ത സാങ്കേതികവിദ്യകള്‍ നമ്മെ വല്ലാതെ മടിയന്‍മാരാക്കുകയാണ് ചെയ്യുന്നത്. വീട്ടില്‍ ഉപയോഗിക്കുന്നചെറുതും വലുതുമായ ഉപകരണങ്ങള്‍ നോക്കൂ.. മനുഷ്യാദ്ധ്വാനം കുറച്ച് പകരം പണം മുടക്കി വാങ്ങുന്ന വൈദ്യുതിപോലുള്ള ഊര്‍ജ്ജം ഉപയോഗിക്കുന്നു. എന്നാല്‍ ഈ ആധുനിക കണ്ടുപിടിത്തങ്ങളും ഉപകരണങ്ങളും എല്ലാം തന്നെ വന്‍ ഊര്‍ജ്ജ ഉപയോഗത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഒരു തേങ്ങാ ചമ്മന്തി അരയ്ക്കാന്‍ പോലും വൈദ്യുതി വേണമെന്നായിരിക്കുന്നു. എന്നാല്‍ മനുഷ്യാദ്ധ്വാനത്തിലൂടെ ഊര്‍ജ്ജ ഉപയോഗം കുറയ്ക്കാനും അതുവഴി ശരീരത്തിലെ അടിഞ്ഞുകൂടുന്ന കൊഴുപ്പുതന്നെ കുറയ്ക്കാനും കഴിയുന്ന ഒരു കണ്ടുപിടിത്തം ഇതാ! ഈ കണ്ടുപിടിത്തം നമ്മെ കുറച്ചുകൂടി അദ്ധ്വാനിപ്പിക്കുകയാണ് ചെയ്യുന്നത്. 10 മിനുട്ട് സൈക്കിള്‍ ചവിട്ടി 250 ലിറ്ററിന്റെ വാട്ടര്‍ ടാങ്ക് നിറയ്ക്കുന്ന വിദ്യയാണിത്.

## നിര്‍മ്മാണം ലളിതം

ആക്രികടയില്‍ നിന്നും 150-200 രൂപയ്ക്ക് ഉപയോഗശൂന്യമായ ഇലക്ട്രിക് മോട്ടോര്‍ കിട്ടും. അതിന്റെ കോയില്‍ ഭാഗം നീക്കം ചെയ്താല്‍ ചിത്രത്തിലേതുപോലുള്ള ഭാഗം കിട്ടും (അതല്ലെങ്കില്‍ പമ്പ്സെറ്റിന്റെ ഒരു വശത്ത് ഒരു

ബെയറിംഗ് (6202) ഉം മറുവശത്ത് ആർമേച്ചർ (റോട്ടർ) ഘടിപ്പിച്ചാൽ മതി). ഇത് തറയിൽ നന്നായി ഉറപ്പിക്കുക. കിണറ്റിലേക്കോ കുളത്തിലേക്കോ ഇടുന്നതിനായി വഴക്കമുള്ള ഹോസ് ഘടിപ്പിച്ച് ഫുട്വാൽവ് പമ്പ് സെറ്റിൽ ഘടിപ്പിക്കുക. പിൻഭാഗത്തെ ടയറിൽ കാറ്റുള്ള, സ്റ്റാന്റിൽ വെക്കാവുന്ന ഒരു സൈക്കിളാണ് യന്ത്രം പ്രവർത്തിപ്പിക്കാൻ ആവശ്യം. ചിത്രത്തിൽ കാണുന്നതുപോലെ പിൻചക്രം പമ്പ്സെറ്റിന്റെ റോട്ടറിനോട് ചേർത്ത് വെക്കുക. സ്റ്റാന്റിൽ വെക്കാവുന്ന സൈക്കിളിൽ കയറി ഇരുന്ന് ചവിട്ടുമ്പോൾ റോട്ടോർ കറങ്ങുകയും പമ്പ് സെറ്റിലൂടെ
വെള്ളത്തിന്റെ ഒഴുക്ക് ആരംഭിക്കുകയും ചെയ്യും.
എങ്ങനെയാണോ സൈക്കിൾ ചവിട്ടുമ്പോൾ ഡൈനാമോ കറങ്ങുന്നത്, അതേ തത്വം പോലെ സ്റ്റാന്റിൽ വെച്ച സൈക്കിൾ ചവിട്ടുമ്പോൾ പിൻചക്രം റോട്ടോറിനെ കറക്കുന്നു.
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. കിണറിൽ നിന്ന് പമ്പ്സെറ്റിലേക്കും, പമ്പ്സെറ്റിൽ നിന്നും ടാങ്കിലേക്കുള്ള പൈപ്പ് വഴക്കമുള്ള ഹോഴ്സ് ആണെങ്കിൽ സുഗമമായി വെള്ളം കയറും. പി.വി.സി പൈപ്പ് ഉപയോഗിക്കുമ്പോൾ 90 ഡിഗ്രി വളവ് വരുന്നതിനാൽ വെള്ളം കയറാൻ പ്രയാസം ഉണ്ടാകും.
2. റോട്ടർ കറങ്ങുന്നത് എപ്പോഴും വലത് വശത്തോട്ട് (ക്ലോക്ക് വൈസ്) ആയിരിക്കണം. അതിന് അനുസരിച്ച് വേണം സൈക്കിൾ വെക്കാ
ൻ (ചിത്രത്തിൽ ഉള്ളതുപോലെ).ദിവസവും 10 മിനിട്ട് സൈക്കിൾ ചവിട്ടിയാണ് വിജയകുറുപ്പ് 30 അടി താഴ്ചയുള്ള കിണറിൽ നിന്നും 25 അടി മുകളിൽ ഉള്ള 750 ലിറ്റർ വാട്ടർ ടാങ്ക് നിറയ്ക്കുന്നത്.
എനർജി ജനറേഷൻ പ്ലാന്റ് എന്ന പേരിൽ പേറ്റന്റ് എടുത്തിട്ടുള്ള-യാതൊരുവിധ പ്രവർത്തന ചിലവും ഇല്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റിന്റെ പണിപ്പുരയിലാണ് ഇദ്ദേഹം.
സമയം ഇല്ല എന്നത് മാത്രമാണ് ഇദ്ദേഹം നേരിടുന്ന പ്രശ്നം. ബി.എസ്.എൻ.എൽ. റീടെയിലർ മാനേജറാണ് വിജയകുറുപ്പ്.
ലളിതമായ, മനുഷ്യന് ഏറെ ഉപയോഗപ്രദമായ ഇത്തരം കണ്ടുപിടിത്തങ്ങൾ സാധാരണ ജനങ്ങളിൽ, പ്രത്യേകിച്ച് കർഷകരിൽ എത്തണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഇദ്ദേഹം തന്റെ ഗവേഷണങ്ങൾക്കായി ഒരുപാട് പണവും സമയവും ചിലവിട്ടുകഴിഞ്ഞു. എല്ലായിടത്തുനിന്നും നല്ല പ്രതികരണമാണ് അദ്ദേഹത്തിന് ലഭിക്കുന്നത്. തമിഴ്നാട്ടിലെ വൈദ്യുതി എത്തിയിട്ടില്ലാത്ത ഗ്രാമങ്ങളിൽ നിന്നുവരെ അദ്ദേഹത്തിന് നല്ല പ്രതികരണമാണ് ലഭിച്ചത്. ആവശ്യക്കാർക്കുവേണ്ടി എന്തുസഹായവും ചെയ്യാൻ തയ്യാറാണ് അദ്ദേഹം.



സൈക്കിൾ മോട്ടറിൽ ഘടിപ്പിച്ചിരിക്കുന്ന വിധം



**ഉപയോഗശൂന്യമായ ഇലക്ട്രിക് മോട്ടോറിന്റെയോ, മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മോട്ടോറിന്റെയോ പമ്പ്സെറ്റ് കൊണ്ട് ഒരു സൈക്കിളിന്റെ സഹായത്താൽ വെള്ളം പമ്പ് ചെയ്യാം.**

**വിജയകുറുപ്പിന്റെ ഫോൺ നമ്പർ: 9446710824**
**തയ്യാറാക്കിയത്: വി.സി. വിജിത് കണ്ണപുരം, വി. രവീന്ദ്രൻ ഹരിപ്പാട് ഫോൺ: 9497288586**

## ഒരു അനുഭവ സാക്ഷ്യം

*ബിജു ജോൺ*

*വിജയക്കുറുപ്പിന്റെ ഊ കണ്ടുപിടുത്തം പ്രയോഗത്തിൽ വരുത്തിയവർ ധാരാളം. കണ്ണൂരിലെ വി. സി. വിജിത്തിനെപ്പോലുള്ളവർ ഉതിന് തന്റേതായ രീതിയിൽ പ്രചാരണം നല്കുന്നു.എന്റെ വീട്ടിൽ ഞാൻ ഉത് പരീക്ഷിച്ചിട്ടുണ്ട്. സൈക്കിൾ ചവിട്ടുമ്പോൾ ആദ്യം പ്രയാസം തോന്നും.ഒരാളെ പുറകിൽ വെച്ച് ചവിട്ടുന്ന ആയാസം ഉണ്ടാവും.ശീലമാക്കിയാൽ നല്ല ഒരു വ്യായാമമാവും.*

---

## പ്രതികരണം



ലിറ്റിൽ മാസിക ലക്കം 125 മുഴുവൻ ഒറ്റയിരിപ്പിൽ വായിച്ചു. കോപ്പിലെഫ്റ്റും കൂട്ടായ്മയുടെ ആനന്ദവും സാധാരണത്തവും ആമയുടെ പക്ഷവും എല്ലാം ഇഷ്ടായി. അഭിനന്ദനം! സ്നേഹം!

**-എസ്.ശാന്തി, തിരുവനന്തപുരം**

മാസികയുടെ വ്യക്തിത്വം ഈ ലക്കവും സൂക്ഷിച്ചു. കവിതകളും നന്നായി.

**- കുരീപ്പുഴ ശ്രീകുമാർ**

പാസിറ്റീവായ നിങ്ങളുടെ ചിന്തഗതിയെ അഭിനന്ദിക്കുന്നു.

**സാളമൻ, കരുളായി**

125-ാം ലക്കം പ്രത്യേക ലക്കത്തെക്കുറിച്ച് കണ്ട സ്വപ്നം ഏകദേശം പൂർണ്ണമായിത്തന്നെ സാക്ഷാത്ക്കരിച്ചു. പുസ്തകശേഖരത്തിൽ മുന്നിൽ വെക്കാവുന്ന ഒരു സ്പെഷ്യൽ ലക്കം!

**-സൂരജ് ചാത്തല്ലൂർ**


ലിറ്റിൽ മാസിക 16 ലക്കം തപാലിൽ കിട്ടാൻ 100 രൂപ എം. ഒ അയക്കുക.



ചുങ്കത്തറ പി.ഒ., മലപ്പുറം - 679334

# 72-ാം വയസിൽ ബിരുദമെടുത്ത സോളമൻ മാഷ് പറഞ്ഞത്

നൗഷാദ് ചാത്തല്ലൂർ

**ബൈബിളിൽ ദാവീദിന്റെ മകനായ സോളമന്റെ കഥയുണ്ട്. ഇഷ്ടമുള്ള വരം ചോദിച്ചുകൊള്ളാൻ ദൈവം പറഞ്ഞപ്പോൾ അറിവ് മാത്രം ആവശ്യപ്പെട്ടത്രെ സോളമൻ. ഇതാ വിജ്ഞാനത്തിനായുള്ള ഒടുങ്ങാത്ത ദാഹവുമായി 72-ാം വയസ്സിലും ബിരുദ പരീക്ഷ എഴുതി പാസ്സായ മറ്റൊരു 'സോളമൻ'.**

ജീവിതത്തിൽ പല കാര്യത്തിലും ഉള്ളതുപോലെ അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിലും സോളമൻ മാഷിന് സ്വന്തമായ കാഴ്ചപ്പാടുണ്ട്. ഡിഗ്രി ഈ 72-ാം വയസ്സിൽ പഠിച്ചത് പ്രത്യേകമായി ഒരു പ്രമോഷനോ, പ്രത്യേക ജോലിയോ പ്രതീക്ഷിച്ചല്ല എന്ന് മാഷ് പറയുന്നു. മുഹമ്മദ് നബി പറഞ്ഞിട്ടുണ്ട് ചൈനയിൽ പോയിട്ടാണെങ്കിലും വിദ്യ നേടണം എന്ന്. 'പഠനം മതിയാക്കിടാം പ്രാണൻ വിടുന്ന നാൾ മുതൽ' എന്ന കവിവാക്യവും പ്രചോദനമായി. ജീവിതസാഹചര്യം കൊണ്ടോ, അലസത കൊണ്ടോ, സാമ്പത്തിക പ്രയാസം കൊണ്ടോ, മറ്റെന്തെങ്കിലും സാഹചര്യം കൊണ്ടോ, പഠനം പാതിവഴിക്ക് അവസാനിപ്പിച്ചവർക്കും ഒരു പ്രചോദനം ആവാനും അത്തരക്കാർക്കും പഠിക്കാനും ബിരുദങ്ങൾ നേടാനും ഇനിയും സമയം വൈകിയിട്ടില്ല എന്ന് ബോധ്യപ്പെടാനും എന്റെ അനുഭവം കാരണമാവട്ടെ എന്ന തോന്നലുണ്ടായതിനാലാണ് ഈ വയസ്സിൽ പഠിക്കാനിറങ്ങിത്തിരിച്ചത്. അറുപതു ശതമാനം മാർക്കുവാങ്ങി മലയാളത്തിൽ ബിരുദം പാസ്സായതിനാൽ ഇനി മലയാളം മുഖ്യവിഷയമായിട്ടെടുത്ത് എം.എ.യ്ക്ക് ചേരാനുള്ള തയ്യാറെടുപ്പിലാണ് മാഷിപ്പോൾ. "72-ാം വയസ്സിൽ എനിക്കാവാമെങ്കിൽ ആർക്കുമാവാം" മാഷ് പറയുന്നു.

## ഭാഷാസ്നേഹം എന്ന ദൗർബല്യം

കഴിയുന്നത്ര ഭാഷകൾ സ്വായത്തമാക്കാൻ സോളമൻ മാഷ് ശ്രമിക്കുന്നു. 5-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ കിട്ടിയ മലയാളം-ഹിന്ദി ഭാഷാസഹായി ലഭിക്കാനിടയായതാണ് ഭാഷാപഠനത്തിനുള്ള പ്രചോദനമായത്. തമിഴ് കുറെയൊക്കെ എഴുതാനും വായിക്കാനും അറിയാം.അറബി പഠിച്ചതിനുപിന്നിൽ ഒരു കഥയുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലത്ത് ഒ ഓത്തുപള്ളിയുടെ മുന്നിലൂടെയാണ് പോയിരുന്നത്. കുട്ടികളെ മൊല്ലാക്ക പഠിപ്പിക്കുന്നത് കേൾക്കാം.ക്ലസഅറബപഠിക്കന്ന സഹപാഠികളാണ്അറബിഅക്ഷരങ്ങൾ പരിചയപ്പെടുത്തിയത്. പിന്നീട് അദ്ധ്യാപകനായപ്പോൾ പഠിപ്പിക്കുന്ന കുട്ടികളിൽ നിന്ന് അറബി പഠിച്ചുതുടങ്ങി. പഠിപ്പിക്കുന്ന കുട്ടികളിൽ നിന്നും വിദ്യപഠിക്കുന്ന അദ്ധ്യാപകനായിരുന്നുഅദ്ദേഹം.അറബി അറിയാവുന്നവരോട് ചോദിച്ച് കൂടുതൽ മനസ്സിലാക്കി. ഖുർആൻവായിക്കാൻപഠിച്ചു.മാഷ്നല്ല ഉച്ചാരണശുദ്ധിയോടെ ഖുർആൻ കാണാതെ പഠിച്ച് ഓതുന്നത് കേൾക്കുക തന്നെ വേണം.മകൻ കർണ്ണാടകയിൽ ജോലി ചെയ്യുന്നിടത്ത് പോയി താമസിച്ച കാലത്ത് കന്നടയും പഠിച്ചു. സ്ഥിരമായി ഉപയോഗിക്കാത്തതുകൊണ്ട് കുറേശ്ശെ മറന്നുതുടങ്ങി.

## ജീവിതത്തിൽ അഭ്യസിക്കുന്ന ലാളിത്യം

പകൃതിവിഭവങ്ങൾവളരെസൂക്ഷിച്ചുമാത്രം ഉപയോഗിക്കേണ്ടതാണെന്ന് സ്വന്തം ജീവിതത്തെ സാക്ഷിനിർത്തി മാഷ് പറയുന്നു. വൈദ്യുതി വളരെ കുറച്ച് മാത്രം ഉപയോഗിക്കുന്നു. ഒരിക്കൽ ഇലക്ട്രിസിറ്റി ബിൽ വന്നപ്പോൾ വെറും 9 യൂണിറ്റ്! മീറ്റർ കേടാണ് എന്ന ധാരണയിൽ കെ.എസ്.ഇ.ബി.ക്കാർ കൂടുതൽ ബിൽ ഈടാക്കി. അടുത്ത തവണ ബിൽ വന്നപ്പോഴാണ് അത് മാഷിന്റെ സൂക്ഷിച്ചുള്ള വൈദ്യുതി ഉപഭോഗം മൂലമാണെന്ന് അവർക്ക് ബോധ്യമായത്.കുളിക്കുമ്പോൾ സോപ്പ്, എണ്ണ ഇവ ഉപയോഗിക്കില്ല. ചെറുപയർ പൊടി പകരം ഉപയോഗിക്കും. തണുത്ത വെള്ളത്തിൽ കുളി ശീലിക്കുന്നു. പരമാവധി പച്ചക്കറികൾ മാത്രം ഉപയോഗിക്കുന്ന ഭക്ഷണരീതി. ലഹരിപദാർത്ഥങ്ങൾ തീരെ ഇല്ല.

## കുട്ടികൾക്ക് സ്നേഹത്തിന്റെ കൽക്കണ്ടം

കുട്ടികളെ വല്ലാതെ സ്നേഹിക്കുന്ന സോളമൻ മാഷിന്റെ വീട്ടിൽ അയൽവാസികളായ കുട്ടികൾ നിത്യസന്ദർശകരാണ്.കൽക്കണ്ടംനൽകിയാണവരെ സൽക്കരിക്കുക. മിഠായികളിലെരാസവസ്തുക്കളോടുള്ള വിരോധമാണിതിനു കാരണം. പഠിപ്പിക്കുന്ന കാലത്ത് അപൂർവ്വമായി മാത്രമേ ശിക്ഷണ നടപടികൾക്ക് വിധേയരാക്കിയിരുന്നുള്ളൂ.

*സോളമൻ മാഷിന്റെ വിലാസം- സോളമൻ കുഞ്ചേടത്തു വീട് കരുളായ് പി.ഒ.,-679344*

*ഫോൺ:9495622784*



സോമൻ മാഷ്





# ആന്ധ്രയിൽ നിന്ന്ഇനി അരി വരാനില്ല

ജയപ്രകാശ് നിലമ്പൂർ

**ഒരു രൂപയ്ക്കും രണ്ടു രൂപയ്ക്കും അരി നൽകുമെന്നുള്ള തിരഞ്ഞെടുപ്പ് പ്രചാരണകാലത്ത്, നമുക്ക് അരി വരാനുണ്ടോ എന്ന പ്രധാന അന്വേഷണ ദൗത്യവുമായി നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിൽ നിന്നുള്ള അന്വേഷണസംഘം ദക്ഷിണേന്ത്യയിലെ പ്രമുഖ നെൽകൃഷി പ്രദേശങ്ങളായ ആന്ധ്രയിലെ നല്ലൂർ, ഗുഡൂർ പ്രദേശങ്ങളിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ....**

ദക്ഷിണേന്ത്യയിലെ പ്രമുഖ നെൽകൃഷി പ്രദേശങ്ങളായ ആന്ധ്രയിലെ നല്ലൂർ, ഗുഡൂർ പ്രദേശങ്ങളിലൂടെയായിരുന്നു ഇത്തവണത്തെ ഭാരതയാത്ര. ഒരു രൂപയ്ക്കും രണ്ടു രൂപയ്ക്കും അരി നൽകുമെന്നുള്ള തിരഞ്ഞെടുപ്പ് പ്രചാരണ കാലത്ത്, നമുക്ക് അരി വരാനുണ്ടോ എന്ന പ്രധാന അന്വേഷണ ദൗത്യവുമായാണ് നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിൽ നിന്നുള്ള പഠന-അന്വേഷണസംഘം ഏപ്രിൽ രണ്ടിന് യാത്ര തുടങ്ങിയത്.ഭാരതത്തിൽ പ്രമുഖ നെല്ലുല്പാദന മേഖല എന്ന ഖ്യാതിയുള്ള അയൽ സീമയിലുൾപ്പെടുന്ന നല്ലൂർ, ഗുഡൂർ പ്രദേശങ്ങളിൽ നിന്നാണ് എഫ്.സി.ഐ. വഴി കേരളത്തിലേക്ക് ഏറ്റവുമധികം അരിയെത്തുന്നത്. എന്നാൽ അവിടുത്തെ ഗ്രാമങ്ങളിലൂടെയുള്ള യാത്രകളിൽ ബോധ്യപ്പെട്ടത് കാലങ്ങളായി പരമ്പരാഗത രീതികളുമായി നെൽകൃഷിയിൽ ജീവിക്കുന്ന കർഷകരിൽ മിക്കവരും മറ്റ് കാർഷിക പ്രവർത്തനങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യമാണ്.

അനുയോജ്യമല്ലാത്ത കാലാവസ്ഥയും വിപണിയിലെ അസ്ഥിരതകളും മറ്റ് പ്രതിസന്ധികളും മൂലം നെൽകൃഷിരംഗത്തുനിന്ന് മിക്ക കർഷകരും വഴിമാറുന്ന അവസ്ഥയാണ് ഞങ്ങൾക്ക് കാണാൻ സാധിച്ചത്. ഗുഡൂരിലെ വിദൂരഗ്രാമമായ സൈദാപുരത്ത് പെന്നാ നദിക്കരയിലെ പരമ്പരാഗത നെൽകർഷകനായ 81 വയസ്സുള്ള വെങ്കയ്യക്ക് 300 ഏക്കറിലധികം നെൽകൃഷി ഭൂമിയുണ്ട്. എന്നാൽ ഇത്തവണ നെൽകൃഷി വിളവിറക്കിയത്. 32 ഏക്കറിൽ മാത്രം. മണിക്കൂറിന് 1400 രൂപ നിരക്കിൽ പഞ്ചാബിൽ നിന്ന് എത്തിച്ച കൊയ്ത്തുയന്ത്രമുപയോഗിച്ച് 4 പഞ്ചാബി യുവാക്കളുമൊന്നിച്ച് കൊയ്ത്തുരംഗത്തായിരുന്നു വെങ്കയ്യയും ചെറുമകളും. തലമുറകളായി നെൽകൃഷി ചെയ്തുവരുന്ന അദ്ദേഹത്തിന്റെ ഇരുന്നൂറിലധികം ഏക്കർ സ്ഥലത്ത് ഇപ്പോൾ ഒരു വർഷത്തിലേറെ പ്രായമായ കാറ്റാടി മരങ്ങളാണ്. കാറ്റാടി കഴകൾക്ക് 4-5 വർഷത്തോടെ മികച്ച വില കിട്ടുമെന്ന തിരിച്ചറിവിൽ, അധിക പരിചരണം ആവശ്യമില്ലാത്തതിനാൽ, പ്രതിസന്ധികൾ ഏറിയതോടെ നെൽകൃഷി ഒഴിവാക്കി മറ്റ് നാണ്യവിളകളിലേക്ക് കർഷകർ നീങ്ങുന്നയവസ്ഥ ആന്ധ്രയിലും പ്രകടമാണ്. വെങ്കയ്യ അതിൽ ഒരാൾ മാത്രം.

പാഴ്ഭൂമി വികസനപരിപാടിയുടെ ഫണ്ടിൽ രണ്ടുവിള നെൽകൃഷി ചെയ്തിരുന്ന പാടങ്ങളിൽ വ്യാപകമായി യൂക്കാലിതോട്ടങ്ങൾ വളർന്നുനിൽക്കുന്ന കാഴ്ച ഞങ്ങൾ നിരവധിയിടങ്ങളിൽ കണ്ടു. ഗുഡൂർ-നല്ലൂർ തീവണ്ടിപാതക്കിരുവശവും ഇത് വ്യാപകമാണ്. നെൽപാടങ്ങൾ ഇപ്പോൾ എണ്ണപ്പന, പേരയ്ക്ക തുടങ്ങിയ ബഹുവർഷവിളകൾക്കായി തരം മാറ്റപ്പെട്ട ഗ്രാമങ്ങളിൽ നിന്ന് വളരെ കുറച്ച് നെല്ലുല്പാദനം മാത്രമാണുള്ളത്.

നല്ലൂരിൽ നിന്ന് 8 കിലോമീറ്റർ അകലെ ഗുഡൂർ റോഡരികിലുള്ള എഫ്.സി.ഐ. ഗോഡൗണിന് മുമ്പിലെ കുൾബാർ ഉടമ സ്വാതികൃഷ്ണ ഹെഗ്ഡെ ഞങ്ങളോട് പറഞ്ഞു നാലഞ്ചു വർഷം മുമ്പുവരെ വിളവെടുപ്പ് കാലമായ ഇക്കാലത്ത് എല്ലാ ദിവസവും ആയിരത്തിലധികം ലോറികൾ നെല്ലുമായി 3-4 കിലോമീറ്റർ നീളത്തിൽ ഇവിടെ കാത്തുകിടക്കാറുണ്ടെന്നാണ്. എന്നാലിപ്പോൾ ഇത് നൂറിൽ താഴെ മാത്രം. ഇങ്ങനെ പോയാൽ തന്റെ കട പൂട്ടേണ്ടിവരുമെന്നാണ് ഹെഗ്ഡെയുടെ പേടി. നെല്ലുല്പാദനം ഇത്രകണ്ട് കുറയുമ്പോഴും നെൽകൃഷി നിലനിർത്താൻ ഹൈടെക് സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് തന്നെയാണ് എഫ്.സി.ഐ. തൊഴിലാളികളും പറയുന്നത്.

ആന്ധ്രയിലെ നെൽകൃഷിക്ക് പേരുകേട്ട പല ഗ്രാമങ്ങളിലും ഇന്ന് നെൽകൃഷി പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. നല്ലൂരിൽ നിന്ന് 32 കിലോമീറ്റർ അകലെയുള്ള കൊത്തൂർ അത്തരമൊരു ഗ്രാമമാണ്. നെൽകൃഷിയിൽ ജീവിച്ചിരുന്ന ഇവിടുത്തെ കർഷകരെല്ലാം തന്നെ ഇപ്പോൾ മറ്റ് കൃഷികളിലേക്ക് തിരിഞ്ഞിരിക്കുന്നു. കഴിഞ്ഞ പത്തുവർഷത്തിനിടയിലുണ്ടായ നിരവധി ചുഴലിക്കാറ്റുകളും പേമാരിയുമാണ് ഇത്തരമൊരു മാറ്റത്തിന് കാരണമെന്ന് റോഡരികിലെ അമ്പലത്തിലെ മുഖ്യ പൂജാരിയായ മണിലാൽ പറയുന്നു. ആന്ധ്രയിലെ ഒരാഴ്ചത്തെ നെൽകൃഷി ഗ്രാമസന്ദർശനം നൽകുന്ന പാഠം നമുക്കിനി ആന്ധ്രയിൽ നിന്ന് അരി വരാനില്ല എന്ന യാഥാർത്ഥ്യം മാത്രമാണ്.

**പിൻകുറി:–** ഇടതും വലതും ഒന്നിനും രണ്ടിനും അരി നൽകുമെന്ന തിരഞ്ഞെടുപ്പ് വാഗ്ദാനം നിറവേറ്റാൻ ജനിതക അരി തന്നെ കൊണ്ടുവരേണ്ടി വരും. നിയമസഭാ സാമാജികർ പണം മുടക്കി വെള്ളായണിയിൽ നിന്ന് മുണ്ടകൻ വിളവിറക്കി. ചിലവ് രണ്ട് ലക്ഷം. കിട്ടിയത് 2000 കിലോ നെല്ല്. എന്നുവെച്ചാൽ കിലോക്ക് 100 രൂപ. എന്നിട്ടും സർക്കാർ ഒരു കിലോ നെല്ലിന് നൽകുന്നത് 14 രൂപ. കർഷകന് നഷ്ടം 86 രൂപ. പിന്നെ എങ്ങനെ നെൽകൃഷി നിലനിൽക്കും..! ഗുഡൂരിലെ റോഡരികിൽ ഇടത്തരം ചക്കയ്ക്കു വില 500 രൂപ!

**ആന്ധ്രയിലെ ഒരാഴ്ചത്തെ നെൽകൃഷി ഗ്രാമസന്ദർശനം നൽകുന്ന പാഠം നമുക്കിനി ആന്ധ്രയിൽ നിന്ന് അരി വരാനില്ല എന്ന യാഥാർത്ഥ്യം മാത്രമാണ്.**



പുലിസ്റ്റർ സമ്മാന വാർത്തയുടെ
സന്തോഷത്തിൽ പ്രൊ പബ്ലിക്ക പ്രവർത്തകർ

Public interest Media

പൊതുതാൽപര്യ പത്രപ്രവർത്തനം

# "ദയവായി ഞങ്ങളുടെ റിപ്പോർട്ടുകൾ മോഷ്ടിച്ചോളൂ".

## ഇങ്ങനെ പറയുന്നത് *പ്രൊ പബ്ലിക്ക* എന്ന സ്വതന്ത്ര വാർത്താ ഏജൻസി

"ദയവായി ഞങ്ങളുടെ റിപ്പോർട്ടുകൾ, സ്റ്റോറികൾ മോഷ്ടിച്ചോളൂ. അത് നിങ്ങൾ കൂടുതൽ പേരിൽ എത്തിക്കൂ.... പൊതുനന്മയ്ക്കായി ലാഭചിന്തയില്ലാതെ വേണം എന്നുമാത്രം" ഇങ്ങനെ പറയുന്നത് പ്രൊ പബ്ലിക്ക എന്ന സ്വതന്ത്ര വാർത്താ ഏജൻസി. ന്യൂയോർക്ക് സിറ്റിയിൽ 40 പേർ നിരന്തരം ജാഗ്രതയോടെ, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്വതന്ത്ര ന്യൂസ് റൂം എന്ന് സ്വയം വിശേഷിപ്പിക്കുന്ന പ്രൊ പബ്ലിക്ക പൊതുതാൽപര്യത്തോടെ അന്വേഷണാത്മക പത്രപ്രവർത്തനത്തിൽ ഏർപ്പെടുന്നു. സത്യത്തിന്റെ ധാർമ്മികമായ ശക്തിയുള്ള പത്രപ്രവർത്തനം വഴി ബോധപൂർവ്വം മറച്ച് വെയ്ക്കപ്പെട്ട യാഥാർത്ഥ്യങ്ങളെ സാഹസികമായി അനാവരണം ചെയ്യുന്നു, ഈ പൊതുതാൽപര്യ വാർത്താ ഏജൻസി.

### അന്വേഷണാത്മക പത്രപ്രവർത്തനം

ഇൻവെസ്റ്റിഗേറ്റീവ് ജേണലിസം പല മാധ്യമ സ്ഥാപനങ്ങൾക്കും ഒരു ആഢംബരമാണ്. ധാരാളം റിസ്ക്കുള്ള ഏർപ്പാടാണിത്. ധാരാളം പണച്ചിലവ്, സമയം, സാഹസികത, അപകട സാധ്യത ഇതെല്ലാം ഉൾചേർന്ന അന്വേഷണാത്മക പത്രപ്രവർത്തനം ജനാധിപത്യ വ്യവസ്ഥയ്ക്കും, മികച്ച പൊതുഭരണത്തിനും, സാമൂഹിക സുരക്ഷയ്ക്കും, ഒഴിച്ചുകൂടാനാവാത്തതാണ്. സ്വതന്ത്രമായ നിലപാടും മൂലധന താൽപര്യമില്ലാതെയുള്ള പ്രവർത്തനവും അനിവാര്യതയാകുന്ന ഇൻവെസ്റ്റിഗേറ്റീവ് ജേണലിസത്തിന്റെ സാഹസിക വഴികളിലൂടെ പ്രൊ പബ്ലിക്കയെ നയിക്കുന്നത് വാൾസ്ട്രീറ്റ് ജേണലിന്റെ മുൻ എഡിറ്റർ പോൾ സ്റ്റെയ്ഗൺ ആണ്.

### എന്തുകൊണ്ട് പ്രൊ പബ്ലിക്ക

സാമ്പത്തിക പ്രതിസന്ധി ഒട്ടുമിക്ക സാമ്പത്തിക സ്ഥാപനങ്ങളെയും ഞെരുക്കിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ അവരുടെ ഉടമസ്ഥതയിലുള്ള അമേരിക്കയിലെ ഒട്ടുമിക്ക മാധ്യമസ്ഥാപനങ്ങളും, ചിലവേറിയ, കൂടുതൽ അദ്ധ്വാനം ആവശ്യമായി വരുന്ന, അപകട സാദ്ധ്യതയുള്ള, ഫലത്തെ കുറിച്ച് ഉറപ്പില്ലാത്ത അന്വേഷണാത്മക റിപ്പോർട്ടിംഗിൽ താൽപര്യം കാണിക്കുന്നില്ല. അതിനാൽ ഇതൊരു ആർഭാടമായി പലരും കാണുന്നു. 2005 ലെ സർവ്വെ അനുസരിച്ച് അമേരിക്കയിലെ പത്രങ്ങളിൽ 35 ശതമാനത്തിനും മുഴുവൻ സമയ അന്വേഷണാത്മക റിപ്പോർട്ടർമാരില്ല. ടെലിവിഷൻ മാധ്യമങ്ങളും അന്വേഷണാത്മക വഴികൾ ഉപേക്ഷിക്കുന്നു.

### പ്രൊ പബ്ലിക്ക ചെയ്യുന്നത്

ഒരു സ്വതന്ത്ര വാർത്താ കേന്ദ്രം വഴി രാജ്യത്തെ ഒന്നാംകിട പത്രപ്രവർത്തകരെ അണിനിരത്തി പ്രവർത്തിക്കുന്നു. അമേരിക്കയിലെ ഏറ്റവും ശക്തമായ ഇൻവെസ്റ്റിഗേറ്റീവ് വാർത്താ സ്ഥാപനമായി ഇത് ഇന്ന് മാറിയിട്ടുണ്ട്. സർക്കാർ, മാർക്കറ്റ് എന്നീ വലിയ അധികാര കേന്ദ്രങ്ങളെ നിരന്തരം നിരീക്ഷിക്കുന്നു. ജുഡീഷ്യറി, സ്വതന്ത്ര തെരഞ്ഞെടുപ്പ്, പൊതുസ്ഥാപനങ്ങൾ, ആശുപത്രികൾ, മാധ്യമങ്ങൾ, ഇവയെല്ലാം പ്രൊ പബ്ലിക്കയുടെ നിരീക്ഷണ വലയത്തിലാണ്. പബ്ലിക് ട്രസ്റ്റ്, പൊതുനൻമ, അവശവിഭാഗത്തിന്റെ അവകാശം ഇവ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ് പ്രൊ പബ്ലിക്ക. നൂറുകണക്കിന് പൊതുതാൽപര്യ വിഷയങ്ങൾ ഇതിനകം പ്രൊ പബ്ലിക്ക പുറത്തുകൊണ്ടുവന്നു കഴിഞ്ഞു. ആർക്കും ഉപയോഗിക്കാവുന്ന വിധത്തിൽ റിപ്പോർട്ടുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിച്ച് പ്രൊ പബ്ലിക്ക മുന്നോട്ട്..



ഇന്ത്യയിൽ ആകമാനം 9797 പോസ്റ്റ് ഓഫീസുകൾ അടച്ചുപൂട്ടാൻ സർക്കാർ തീരുമാനം. അതോടൊപ്പം 22175 വൻകിട സ്വകാര്യ കൊറിയർ കമ്പനികൾക്ക് ഗ്രാമപ്രദേശങ്ങളിലടക്കം പ്രവർത്തനാനോുമതി.നമ്മുടെ തപാൽ സംവിധാനം നിലനിർത്താൻ ആവുന്നത് ചെയ്യുക



ഗാന്ധി മാർഗ്ഗം

# മഹാത്മാ ഗാന്ധിയുടെമാർഗ്ഗം സ്വീകരിക്കൂ: സുപ്രീം കോടതി

### മീഡിയേഷൻ മെഡിറ്റേഷന്റെ മറ്റൊരു തലമായി വ്യവഹാരികളും അഭിഭാഷകരും കോടതികളും കാണുമോ?

സിവിൽ തർക്കങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ മഹാത്മാ ഗാന്ധിയുടെ മദ്ധ്യസ്ഥതാ ശൈലി സ്വീകരിക്കാൻ സുപ്രീം കോടതി. മർക്കണ്ഡേയ കട്ജു, ഗ്യാൻ സുധാമിശ്ര എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഗാന്ധിജിയുടെ ആത്മകഥയിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് കേസ് കാര്യം പറഞ്ഞു തീർക്കാൻ ഉപദേശിച്ചത്. കോടതി പറഞ്ഞു;

*മീഡിയേഷൻ എന്നത് കേസ് തീർപ്പാക്കാനുള്ള ബദൽ മാർഗ്ഗങ്ങളിൽ ഒന്നാണ്. മീഡിയേറ്റർ എന്ന് വിളിക്കുന്ന മദ്ധ്യസ്ഥൻ ഇരുകക്ഷികളുമായി കേസ് കാര്യം ചർച്ച ചെയ്ത് തീർപ്പാക്കുന്ന രീതിയാണിത്.*

*ഞങ്ങളുടെ അഭിപ്രായത്തിൽ കുടുംബം, സുഹൃദ്ബന്ധം, ബിസിനസ്സ് ബന്ധം തുടങ്ങിയവ ഉൾപ്പെടുന്ന പ്രശ്നങ്ങളാണെങ്കിൽ മദ്ധ്യസ്ഥശ്രമത്തിലൂടെ പരിഹാരം കാണാൻ കക്ഷികളും വക്കീലൻമാരും ശ്രമിച്ചുനോക്കേണ്ടതാണ്.* സിവിൽ നടപടി നിയമത്തിൽ 89-ാം വകുപ്പിൽ വ്യക്തമായി കോടതിയിലെ ബദൽ കേസ് തീർപ്പാക്കൽ സംബന്ധിച്ച് അനുശാസിക്കുന്നുണ്ട്.

മീഡിയേഷൻ മെഡിറ്റേഷന്റെ മറ്റൊരു തലമായി വ്യവഹാരികളും അഭിഭാഷകരും കോടതികളും കാണുമോ?

## കോടികൾ

കരീം മലപ്പട്ടം

പൊക്കിൾകൊടി മുറിച്ച് എന്നെ ഇറക്കിവിട്ടത് എത്ര കോടികൾക്ക് കീഴെയാണ്? ഏതാണ് എന്റേത് എന്ന് തിരിച്ചറിയുന്നതിനു മുമ്പ് എന്റെ പേരിൽ നിങ്ങൾ കരിങ്കൊടിയും കുത്തി.


## ഹരം

നൗഷാദ് ചാത്തല്ലൂർ

മരമൊരു വരം
മണലൊരു ഹരം


ലിറ്റിൽ മാസികയുടെ പ്രസാധന സംരംഭമായ *ലിറ്റിൽ പ്രിന്റിന്റെ* പ്രഥമ പുസ്തകം

**ആവിയന്ത്രം** കിട്ടാൻ 35 രൂപ ലിറ്റിൽ മാസികയുടെ വിലാസത്തിൽ അയക്കുക





കവിത

## ഇപ്പോഴത്തെ പകൽ

വി.സി. അഭിലാഷ്

രാവിലെ ഉണർന്നാൽ
ഒരു പൂമ്പാറ്റ വന്നെന്നെ
ഉമ്മ വയ്ക്കും.
ഉച്ച വരെ
ഞാനതിനെ ചുമക്കും.
വെയിലാറിയാൽ
ശലഭപടങ്ങളിളക്കി
അത്
ദ്രവിച്ചു വീഴും.
ഇതൊരു പതിവായി.
രാത്രിക്കഞ്ഞിക്കപ്പുറം
പോവുന്നില്ല
ഇരകൾ, ഇണകൾ;
ഇണക്കങ്ങളും.
ഇതുപോലെ
വെയിലേറ്റു വീഴുന്ന
പൂക്കളെപ്പോഴും
ബാക്കി വയ്ക്കുന്നത്
ന്യായരഹിത പൂക്കാലം.
അനുപമമസുലഭമെന്നൊക്കെ
ഡീറ്റീപി ചെയ്യാം.
ഒരു തൊറപ്പയീർക്കിലുകൊണ്ട്
തൂണുകെട്ടി
കൈപ്പടലം കൊണ്ട്
ആകാശം മറച്ച്
എനിയ്ക്കിരിക്കാൻ
എന്നിടമൊരുക്കുന്നു.
നിത്യം സുന്ദരം മംഗളം.



# ചിലവ് കുറഞ്ഞ വീടുനിർമ്മാണം

## ഈ മേഖലയിൽ വൈദഗ്ധ്യമുള്ള അഷ്റഫ് ഐഡിയൽ ഉത്തരം തരുന്നു..



ചാ: ചിലവ് കുറഞ്ഞ വീടുനിർമ്മാണം ഒരു മിഥ്യയല്ലേ?
ഉ: വ്യക്തമായ ധാരണയും ആത്മാർത്ഥമായ സമീപനവും ഉണ്ടെങ്കിൽ ഇതൊരു മിഥ്യയേ അല്ല.
ചോ: ചിലവ് കുറയ്ക്കാനായി സ്വീകരിക്കുന്ന മാർഗങ്ങൾ വീടിന്റെ ഉറപ്പ് കുറയ്ക്കില്ലേ?
ഉ: ശരിയായ മാർഗ്ഗങ്ങൾ ഒരിക്കലും ഉറപ്പ് കുറക്കുകയല്ല കൂട്ടുകയാണ് ചെയ്യുക.
ചോ: പരമ്പരാഗത നിർമ്മാണച്ചിലവിന്റെ എത്ര ശതമാനം വരെ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ കുറയ്ക്കാൻ കഴിയും?
ഉ: ഇരുപത് മുതൽ മുപ്പത് ശതമാനം വരെ കുറയ്ക്കാം.
ചോ: ഇന്നത്തെ നിർമ്മാണച്ചലവ് വച്ച്, നാലംഗകുടുംബത്തിന് താമസിക്കാൻ അത്യാവശ്യ സൗകര്യങ്ങളോടുകൂടിയഒരു വീട് യാഥാർത്ഥ്യമാക്കാൻ പരമാവധി ചിലവ് കുറച്ച് എത്ര രൂപ ചിലവഴിക്കേണ്ടിവരും?
ഉ: അത്യാവശ്യ സൗകര്യങ്ങൾ എന്നു പറയുന്നത് ഓരോ കുടുംബത്തിനെ സംബന്ധിച്ചും ആപേക്ഷികമാണ്. എങ്കിലും മിനിമം സൗകര്യത്തിൽ രണ്ട് ബെഡ്റൂം, ഒരു കോമൺ റൂം, അടുക്കള, ബാത്ത്റൂം എന്നിവ ഉൾപ്പടെ ആർഭാടങ്ങളില്ലാതെ മൂന്നുലക്ഷം കൊണ്ട് ഒരുവീടിന്റെ നിർമ്മാണം പൂർത്തിയാക്കാം.
ചോ: വീട് നിർമ്മാണത്തിൽ ചിലവു കുറയ്ക്കാൻ ഏതാനും മാർഗ്ഗങ്ങൾ നിർദേശിക്കാമോ?
ഉ: ചിലവ് കുറയ്ക്കാൻ അങ്ങനെ ഒരു തനതായ രീതിയൊന്നുമില്ല. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ പ്രാദേശികമായി ലഭ്യമാവുന്ന വസ്തുക്കൾ ഉപയോഗിക്കുമ്പോഴാണ്. ചിലവ് കുറയുന്നത്. ഓരോ ദേശത്തിന്റെയും പാരമ്പര്യ നിർമ്മാണ വസ്തുക്കൾ ഏതെന്നു കണ്ടെത്തി തെരഞ്ഞെടുക്കുകയാണ് വേണ്ടത്.
അതുപോലെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ ചിലവ് കുറയും. ചില ഉദാഹരണങ്ങൾ ഇതാ:-

1. തറ (Foundetion)ഘട്ടം:- ആവശ്യമായ തറ മാത്രം. സാധാരണസ്ഥലത്ത് 45 സെന്റിമീറ്റർ വീതിയും 45 സെന്റിമീറ്റർ താഴ്ചയും മതി തറയുടെ വലുപ്പം.
2. ബെൽറ്റ്:- തീരെ ഉറപ്പ് കുറഞ്ഞ സ്ഥലത്തോ പ്രത്യേക സ്വഭാവമുള്ള സ്ഥലത്തോ മാത്രം മതി.
3. ചുമർ:- മണ്ണ് കൊണ്ടോ, മണ്ണും ചെങ്കല്ലും ഉപയോഗിച്ചോ തേപ്പ് Plastering കൂടാതെ
4. ലിന്റൽ/ബീം:- ആവശ്യമായ സ്ഥലങ്ങളിൽ മാത്രം മതി. പകരം ആർച്ച് അല്ലെങ്കിൽ കോർബെൽ ഉപയോഗിക്കാം.
5. സൺഷേഡ്/സ്ലാബ്:- ആവശ്യമായ അളവുകളിൽ മാത്രം കോൺക്രീറ്റ് ഉപയോഗിച്ച് പൊള്ളയായ സ്ലാബ് ചെയ്യാം. കമ്പിയും കോൺക്രീറ്റ് കുറവും ശരിയായ രീതിയിൽ അനലൈസിംഗും ഡിസൈനിംഗും ചെയ്തതിനുശേഷം കണക്കാക്കാം.

ചോ: വീടുനിർമ്മാണത്തിലെ ചിലവു കുറയ്ക്കാൻ കാശ് കുറവുള്ളവർ മാത്രം ശ്രദ്ധിച്ചാൽ പോരേ?
ഉ: ഭൂമിയിൽ ഇന്നുള്ള മണൽ, വിവിധ തരത്തിലുള്ള പാറകൾ, ഊർജ്ജം കൂടുതലായി ഉപയോഗിച്ച് നിർമ്മിക്കുന്ന സിമന്റ്, കമ്പി തുടങ്ങിയവ പാവങ്ങളുടെയോ പണക്കാരുടെയോ കുത്തകയല്ല. വരും തലമുറയ്ക്കുവേണ്ടി ഇവ കരുതി വെക്കേണ്ടത് നമ്മുടെയെല്ലാം ബാധ്യതയാണ്. ആയതുകൊണ്ട് നിർമ്മാണരംഗത്തെ ചിലവു കുറയ്ക്കൽ (അച്ചടക്കം) എല്ലാവരുടെയും ഉത്തരവാദിത്തമാണ്.

**മിനിമം സൗകര്യത്തിൽ രണ്ട് ബെഡ്റൂം, ഒരു കോമൺ റൂം, അടുക്കള, ബാത്ത്റൂം എന്നിവ ഉൾപ്പടെ ആർഭാടങ്ങളില്ലാതെ മൂന്നുലക്ഷം കൊണ്ട് ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കാം.**

ചോ:മണൽ, സിമന്റ്, തടി, കല്ല് ഇവ ഉപയോഗിക്കാതെ വീട് നിർമ്മിക്കാമോ?
ഉ: ഇവ പാടെ ഒഴിവാക്കണമെന്നല്ല പറയുന്നത്. ഉപയോഗത്തിൽ വിവേകവും നൈതികതയും പുലർത്തി ധൂർത്ത് ഒഴിവാക്കിയാൽ തന്നെ വലിയ കാര്യമാകും. ഒഴിവാക്കാൻ ആഗ്രഹിക്കുന്നവർക്ക് ബദൽ രീതികൾ സ്വീകരിക്കുകയുമാവാം. മണലിനു പകരം മണ്ണ്, സിമന്റിനു പകരം ചുണ്ണാമ്പ്, കല്ലിനും തടിക്കും പകരം ഇരുമ്പും മുളയും...
ശരിയായ സാങ്കേതിക വിദ്യയും നല്ല പരിചയസമ്പന്നരായ ടീമും ക്ഷമയുംഉണ്ടെങ്കിൽ ഇവ കൊണ്ടെല്ലാം മനോഹരമായി ഉറപ്പോടെ തന്നെ വീടുപണിയാം.
ചോ: ഒരു കോൺക്രീറ്റു വീടിന്റെ ആയുസ്സ് എത്രയാണ്?
ഉ: കൃത്യമായി പരിചരിക്കുന്ന വീടാണെങ്കിൽ പരമാവധി 50-60 വർഷം.
ചോ: വീടിനകത്തെചൂട്കുറയ്ക്കാൻ ഫാനോ, എയർകണ്ടീഷണറോ ഒന്നുമല്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ ഉണ്ടോ?
ഉ: നിർമ്മാണഘട്ടത്തിൽ ശ്രദ്ധവെച്ചാൽ പല മാർഗ്ഗങ്ങളും ഉണ്ട്. ശരിയായ ദിശയിൽ (കാറ്റിനനുസരിച്ച്) ജനലുകൾ പണിയുകയും അവ തുറന്നിടുകയും ചെയ്യുക. (ജനൽ തുറന്നിടാൻ മടിയും പേടിയും ഉള്ളവരാണ് മിക്കവരും). ഫില്ലർ സ്ലാബ്, മണ്ണുകൊണ്ടുള്ള പ്ലാസ്റ്ററിംഗ്.... ഇങ്ങനെ വിവിധ രീതികൾ.മുറ്റം സിമന്റ് - കോൺക്രീറ്റോ ടൈലുകളോ ഇടാതിരിക്കുക. പകരം പുൽത്തകിടി, ചെടികൾ, മരങ്ങൾ വച്ച് പിടിപ്പിക്കുക. ടെറസ്സിനു മുകളിൽ ചെടികൾ, അമര, പാഷൻ ഫ്രൂട്ട്, കോവൽ പന്തലുകൾ.... മുറിക്കകത്ത് അലങ്കാരമായി വെയ്ക്കുന്ന മൺകുടങ്ങളിൽ വെള്ളമൊഴിച്ചുവെക്കുക.
ചിലവു കുറഞ്ഞ വീടുനിർമ്മാണ മേഖലയിൽ പരിചയസമ്പന്നനായ ശ്രീ. അഷ്റഫിനോട് വായനക്കാർക്ക് ബന്ധപ്പെടാം.

**വരും തലമുറയ്ക്കുവേണ്ടി വിഭവങ്ങൾ കരുതി വെക്കേണ്ടത് നമ്മുടെയെല്ലാം ബാധ്യതയാണ്. ആയതുകൊണ്ട് നിർമ്മാണരംഗത്തെ ചിലവു കുറയ്ക്കൽ എല്ലാവരുടെയും ഉത്തരവാദിത്തമാണ്**

**വിലാസം: പി. അഷ്റഫ്, ഐഡിയൽ ഗ്രൂപ്പ് ഓഫ് കൺസ്ട്രക്ഷൻസ്, എടവണ്ണ. പി.ഒ., ഫോൺ: 09447627334,9495570711**

# ബിഷപ്പ് അൽവാരിയോസ് വിസ്മരിക്കപ്പെട്ടതെങ്ങനെ?

**അഗതികളുടെ പിതാവ് എന്ന വിശേഷണത്തിന് ചേർന്ന ജീവിതം നയിച്ച ബിഷപ്പ് അൽവാരിയോസ് ചരിത്രത്തിൽ വിസ്മരിക്കപ്പെട്ടു? അടുത്തിടെ നടത്തിയ ഗോവൻ യാത്രയിൽ അൽവാരിയോസിനെക്കുറിച്ച് അന്വഷിച്ചു. അവിടെ ആർക്കും അങ്ങിനെ ഒരാളെക്കുറിരച്ച് തന്നെ അറിയില്ലത്രേ!**

ലിമാ ന്യൂസ്

പുരാതന ദേവാലയങ്ങളുടെ പട്ടണമായ ഗോവയിൽ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരിടമാണ് ഗോവയിൽ അഗതികളുടേയും പാവപ്പെട്ടവരുടേയും അത്താണിയായി അവരുടെ ഇടയിൽ ജീവിച്ച ബഹുമുഖ പ്രതിഭയായ ബിഷപ്പ് അൽവാരിയോസ് അന്ത്യവിശ്രമം കൊള്ളുന്ന പാഞ്ചിമിലെ റിബാന്തറിലെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി. .

ഗോവൻ ഭരണകൂടത്തേയും മതത്തേയും ഒരുപോലെ വെല്ലുവിളിച്ച് ഒടുവിൽ സഭയിൽ നിന്നും പുറത്താക്കപ്പെട്ട് കേരളത്തിലെ കോട്ടയം ആസ്ഥാനമായുള്ള ചെറിയ ക്രിസ്ത്യൻ സഭയിൽ ചേർന്ന അൽവാരിയോസ് എന്ന പുരോഹിതൻ കേരളത്തിലെ ക്രിസ്ത്യൻ സഭയുടെ ബിഷപ്പായി ഗോവയിൽ തിരിച്ചെത്തി. പള്ളി അരമനകൾ വിട്ടിറങ്ങി തെരുവിലെ അഗതികളുടെ കൂടെ പ്രവർത്തനമാരംഭിച്ചു. പോർച്ചുഗീസ് ഭരണകൂടം അൽവാരിയോസിനെ ഒരു രാജ്യദ്രോഹിയായി മുദ്രകുത്തി. പക്ഷേ ഗോവക്കാർ അദ്ദേഹത്തെ കരുണയുടെ അപ്പോസ്തലനായി കരുതി. അടിച്ചമർത്തപ്പെട്ടവരുടേയും ആലംബഹീനരുടേയും ദു:ഖിതരുടേയും രോഗികളുടേയും സേവനത്തിനായി അദ്ദേഹം സ്വയം ഉഴിഞ്ഞുവെച്ചു. 1881 ൽ തന്റെ ജന്മപ്രദേശമായ വെർണയിൽ തുടങ്ങിയ ചാരിറ്റബിൾ അസോസിയേഷൻ ക്രമേണ ഗോവ മുഴുവൻ വ്യാപിപ്പിച്ചു. ഭിക്ഷക്കാരെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചിമിൽ തുടങ്ങിയ കേന്ദ്രം പിന്നീട് രോഗികൾ, പകർച്ചവ്യാധി പിടിപെട്ടവർ, സാമ്പത്തികമായി തകർന്നടിഞ്ഞവർ, അവഗണനയുടെ നടുവിൽ നട്ടംതിരിയുന്നവർ, ആലംബഹീനർ എന്നിവരുടേയും ആശാകേന്ദ്രമായി. തന്റെ സഹജീവികൾക്ക് ആഹാരവും മരുന്നും നൽകാൻ സാമ്പത്തികമായിബുദ്ധിമുട്ടിയഅദ്ദേഹംഒരു ഭിക്ഷക്കാരനായി തെരുവിലൂടെ ഭിക്ഷ യാചിച്ചു. ഒരു കയ്യിൽ വടിയും മറുകയ്യിൽ ഭിക്ഷാപാത്രവുമായി നഗരവീഥികളിലൂടെ അലഞ്ഞ വയോധികനായ ആ ബിഷപ്പിന് ലഭിച്ച നിന്ദയും പരിഹാസവും കണക്കില്ലാത്തതായിരുന്നു. ഒരിക്കൽ ഒരു വ്യാപാരശാലയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെ പാത്രത്തിൽ ലഭിച്ചത് തുപ്പൽ ആയിരുന്നു. എന്നാൽ അതിൽ അമർഷം തോന്നാതെ "ശരി, ഈ തുപ്പൽ എനിക്കുള്ളത്. ഇനി എന്റെ സഹജീവികൾക്കുള്ളത് വല്ലതും തരൂ" എന്ന് മറുപടി നൽകി ആ മഹാപുരുഷൻ.

റോമൻ കത്തോലിക്കാ സഭയിൽ നിന്ന് പുറത്തായ അദ്ദേഹം കേരളത്തിലെ ചെറിയ ക്രിസ്ത്യൻ സഭയിൽ ചേർന്ന് ബിഷപ്പ് സ്ഥാനം ഏറ്റതിന്, പോർച്ചുഗീസ് ഭരണകൂടം അദ്ദേഹത്തെ പൗരോഹിത്യ സ്ഥാനവസ്ത്രങ്ങൾ ഊരി അടിവസ്ത്രങ്ങൾ മാത്രം ധരിപ്പിച്ച് കൈകളും ശരീരവും ചങ്ങലയിൽ പൂട്ടി തെരുവിലൂടെ നടത്തിച്ചു. ഒടുവിൽ മലിനവും വെളിച്ചമില്ലാത്തതുമായ കൽത്തുറുങ്കിൽ അടച്ചു. 1923 സെപ്തംബർ 23 ന് മരണപ്പെട്ട അദ്ദേഹത്തിന്റെ ശരീരവും വഹിച്ച് നഗരത്തിലെ ഭിക്ഷക്കാരും അഗതികളും അധ:സ്ഥിതരും ചേർന്ന് വിലാപയാത്ര നടത്തി. എഴുത്തുകാരനും പത്രപ്രവർത്തകനുമായിരുന്ന അദ്ദേഹം നടത്തിയിരുന്ന ടൈംസ് ഓഫ് ഗോവ ഉൾപ്പെടെയുള്ള പത്രങ്ങൾ ദേശസ്നേഹത്തിന്റെയുംസ്വദേശി ആശയങ്ങളുടെയും ജിഹ്വകളായിരുന്നു. വിദേശ സംസ്കാരത്തിന്റെ ഭ്രമങ്ങളിൽ പെട്ട് പോയ ഗോവൻ ജനതയെ സ്വദേശീയ മൂല്യങ്ങളിൽ നിലനിർത്താൻ അദ്ദേഹം നിരന്തരം പോരാടി.

അഗതികളുടെ പിതാവ് എന്ന വിശേഷണത്തിന് ചേർന്ന ജീവിതം നയിച്ച ബിഷപ്പ് അൽവാരിയോസ് പക്ഷേ ചരിത്രത്തിൽ വിസ്മരിക്കപ്പെട്ടു. അഗതികളുടെ അമ്മയായി മദർ തെരേസയെ നാം ആദരിക്കുന്നു. എന്നാൽ ആ പുണ്യവതിയേക്കാളും പീഢയും കഷ്ടവും ഏറ്റുവാങ്ങി അഗതി ജനസേവനം നടത്തിയ അൽവാരിയോസിനെ കുറ്റകരമായ മറവി കൊണ്ടും നാം പീഢിപ്പിക്കുകയായിരുന്നു. ബിഷപ്പ് അൽവാരിയോസിനെ കുറിച്ച് കൂടുതൽ അറിയാൻ:
St. Mary's Orthodox Syrian Church
Ribonder Panjabi- Goa


---

## തന്നിലേക്കുതന്നെയുള്ള അന്വേഷണം



ആൽബർട്ട് ഐൻസ്റ്റീനെ കുറിച്ച് ഇങ്ങനെയൊരു കഥയുണ്ട്. അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ അദ്ദേഹം പറഞ്ഞു വത്രേ: "എന്റെ ജീവിതം പാഴായിപ്പോയോ എന്നെനിക്ക് തോന്നിപ്പോവാറുണ്ട്. ഞാൻ അതിവിദൂരങ്ങളായ നക്ഷത്രങ്ങളിലേക്ക് അന്വേഷണം നടത്തി. എന്നാൽ എന്നിലേക്കുതന്നെ അന്വേഷണം നടത്താൻ ഞാൻ മറന്നുപോയി. ഞാൻ തന്നെയായിരുന്നു ഏറ്റവും അരികിലത്തെ നക്ഷത്രം!"





അക്കു

# സ്നേഹഗുരു

## ഓഷോയുടെ ശൂന്യതയുടെ പുസ്തകം (The Book of Nothing) രണ്ടു സുഹൃത്തുക്കളുടെ ജീവിതത്തെ മാറ്റി മറിച്ചതിനെക്കുറിച്ച്....

അച്ചിലിട്ടു വാർത്ത ചിന്തകളുടെയും ആശയങ്ങളുടെയും ലോകമാണ് പരിചയമുണ്ടായിരുന്നത്. വ്യവസ്ഥാപിതമായ ഈ ലോകത്ത് അൽപജ്ഞാനത്തിന്റെ അഹന്തയിൽ നടക്കുമ്പോൾ അപ്പുറവും ഇപ്പുറവും നോട്ടമില്ലാതെ 'ഒരൊറ്റ ശരി'യിൽ മാത്രം മുറുകെപ്പിടിച്ച് കഴിഞ്ഞുവന്ന കാലം. മതവും രാഷ്ട്രീയവുമെല്ലാം പഠിപ്പിച്ചതും പരിശീലിപ്പിച്ചതും ഇങ്ങനെയൊക്കെയായിരുന്നല്ലോ. ഇടക്കെപ്പോഴോ അകലങ്ങളിൽ നിന്ന് ഒഴുകി വന്നെത്തിയ ഗുരുമന്ത്രണങ്ങൾ. നിത്യചൈതന്യയതിയും ഓഷോയും ഖലീൽ ജിബ്രാനും ടാഗോറും അജ്ഞാതരായ സെൻ-സൂഫി ഗുരുക്കൻമാരും..... എല്ലാവരിൽ നിന്നുമായി പകർന്നുകിട്ടിയ പുതുവെളിച്ചങ്ങൾ കടുംപിടിത്തമില്ലാത്ത സാരള്യഭാവം മനസ്സിന് പകർന്നുനൽകി. പിരിമുറുക്കങ്ങൾ അയഞ്ഞു. കാഴ്ചകൾക്ക് തെളിച്ചം വന്നപോലെ. സ്വയം അനുഭവിച്ചറിഞ്ഞ തീവ്രതയിൽ മറ്റാർക്കും പകർന്നുകൊടുക്കാൻ കഴിയാത്ത അനുഭൂതി വിശേഷങ്ങളാണ് ഈ ഗുരുക്കൻമാർ ഇന്നും തന്നുകൊണ്ടിരിക്കുന്നത്. ഓഷോയെ വായിക്കുമ്പോൾ മനസ്സിനെ ആഴങ്ങളിൽ തൊടുന്നത് അറിയുന്നു. നേർത്ത സംഗീതത്തിന് കാത് കൊടുക്കുമ്പോലെ.... മനസ്സിലെ കാലുഷ്യങ്ങൾ കഴുകിത്തുടച്ച് വെടിപ്പാക്കി വെക്കുന്നതിന്റെ സു:ഖം അറിയുന്നു. ഓഷോ അടക്കമുള്ള ഗുരുക്കൻമാർ പഠിപ്പിച്ച പാഠങ്ങൾ ഏറെയാണ്. ഓഷോ വായനയിലെ മറക്കാൻ കഴിയാത്ത ഒരു അനുഭവം പറയട്ടെ.

ഏറ്റവുമടുത്ത ഒരു സുഹൃത്തുമായി മാനസികമായി അകൽച്ച വന്ന ഒരു സാഹചര്യം എനിക്കുണ്ടായി. എല്ലാ കാര്യങ്ങളും തുറന്നു സംസാരിക്കുന്ന, സു:ഖ-ദു:ഖങ്ങൾ ഒരുപോലെ പങ്കുവെക്കുന്ന സൗഹൃദമായിട്ടും ഞങ്ങൾക്കിടയിൽ വേദനിപ്പിക്കുന്ന ഒരകൽച്ചയാണ് ഉണ്ടായത്. സുഹൃത്തിന്റെ ചിന്താമണ്ഡലത്തിൽ വന്ന ഒരു മാറ്റം ഞങ്ങളുടെയെല്ലാം ജീവിതതാളത്തെ തകർക്കുമെന്ന ഘട്ടത്തിൽ ഞാൻ എതിർത്തതാണ് സൗഹൃദത്തിന് വിള്ളലുണ്ടാക്കിയത്. സുഹൃത്തിന്റെ പാളിച്ചകൾ എനിക്ക് ബോദ്ധ്യപ്പെട്ടിരുന്നു. പക്ഷേഅസുഹൃത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു. സുഹൃത്തിനെതിരുത്തേണ്ടതുണ്ടെന്ന ഉത്തമബോദ്ധ്യമുള്ളതുകൊണ്ട് എന്റെ എതിർപ്പിന്റെ ശൈലിക്ക് അൽപ്പം കടുപ്പമേറുകയും ചെയ്തു. പിണങ്ങിപ്പിരിഞ്ഞ ഞങ്ങൾ പരസ്പരം കണ്ടുമുട്ടാതിരിക്കാൻ ശ്രമിച്ചു. രണ്ടുമൂന്ന് മാസക്കാലം ഞാനേറെ അസ്വസ്ഥനായിരുന്നു. മനസ്സിലെ അസ്വാസ്ഥ്യങ്ങൾക്ക് വിശ്രാന്തിയേകാൻ മിക്കപ്പോഴും എനിക്ക് തുണയായിരുന്നത് എന്റെ പുസ്തകശേഖരത്തിലെ മഹാഗുരുക്കൻമാരുടെ ഏതാനും പുസ്തകങ്ങളായിരുന്നു. പ്രത്യേകിച്ച് ആ നാളുകൾ. ഓഷോക്കൊപ്പമായിരുന്നു. ഓഷോയുടെ ശൂന്യതയുടെ പുസ്തകം (TheBookofNothing) വായിച്ചുകൊണ്ടിരിക്കുമ്പോൾ ഒരദ്ധ്യായത്തിലെത്തിയപ്പോൾ എന്റെ മനസ്സ് സ്തംഭിച്ചുനിന്നു. ഞാനും എന്റെ സുഹൃത്തും തമ്മിലുള്ളസംഘർഷം വിശകലനം ചെയ്തപോലെ, ആ ഭാഗം വായിച്ചുതീരുമ്പോൾ എന്റെ കണ്ണും മനസ്സും ഒരുപോലെ നിറഞ്ഞു. എന്റെ പ്രശ്നം എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു! എന്നോട് അകന്നുനടക്കുന്ന അല്ലെങ്കിൽ ഞാൻ അകൽച്ച കാണിച്ച എന്റെ സുഹൃത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ പറ്റാതെ പോയ ഈ ജ്ഞാനവെളിച്ചം ഇതാ ഓഷോയുടെ വാക്കുകളായി... തീർച്ചയായും എന്റെ സുഹൃത്തിനിതൊരു ആശ്വാസവും വെളിച്ചവുമായി തീരുമെന്നെനിക്കുറപ്പുണ്ട്. പക്ഷേ എങ്ങനെ ഇത് സുഹൃത്തിന്റെ കയ്യിലെത്തിക്കും? ഒടുവിൽ ഞാൻ വഴി കണ്ടെത്തി. പുസ്തകത്തിലെ ആ ഭാഗം ഫോട്ടോസ്റ്റാറ്റ് എടുത്ത് സുഹൃത്തിന് അജ്ഞാതസന്ദേശമായി എത്തിക്കുക. പക്ഷേ വായിക്കുമെന്നതിന് എന്താണുറപ്പ്? ഞാനൊരു കത്തുണ്ടാക്കി. അകലങ്ങളിൽനിന്നെവിടെ നിന്നോ ഒരു ഗുരു എഴുതുന്നപോലെ ഒരു കത്ത്. നേരിൽ വന്നുകാണാൻ പറ്റാത്തതുകൊണ്ട് ഇതൊടൊപ്പമുള്ള വാക്കുകൾ എങ്കിലും സ്വീകരിക്കണമെന്നെഴുതി അടിയിൽ സ്നേഹഗുരു എന്ന കയ്യൊപ്പ് ചാർത്തി. കയ്യക്ഷരം തിരിച്ചറിയാതിരിക്കാൻ ഞാൻ ആ കത്ത് എന്റെ സഹപ്രവർത്തകയെ കൊണ്ട് പകർത്തിയെഴുതിച്ച് പുസ്തകഭാഗത്തോടൊപ്പം സുഹൃത്തിന്റെ വിലാസത്തിൽ പോസ്റ്റ് ചെയ്തു.

ഒരാഴ്ചയ്ക്കുശേഷം ഞങ്ങൾ കണ്ടുമുട്ടി. ഞാൻ പ്രത്യേകിച്ച് ഭാവമാറ്റങ്ങളൊന്നും കാണിക്കാതെ രണ്ടും കൽപ്പിച്ച് പഴയ അടുപ്പത്തോടെ പുഞ്ചിരിച്ച് ഇടപെടൽ നടത്തി. അത്ഭുതം! സുഹൃത്ത് എന്നോടും ഹൃദ്യമായി പെരുമാറി. ക്രമേണ ഞങ്ങൾ പഴയതെല്ലാം മറന്നു വീണ്ടും ദൃഢമായ ചങ്ങാത്തത്തിലായി. ഞാനയച്ച കവർ കിട്ടിക്കാണുമെന്നും സുഹൃത്ത് വായിച്ചിട്ടുണ്ടാകുമെന്നും ഞാൻ വിശ്വസിച്ചു. പക്ഷേ ഇതേക്കുറിച്ചൊഴികെ ബാക്കി എല്ലാ കാര്യങ്ങളും ഞങ്ങൾ പിന്നീടും പങ്കുവെച്ചു. ഒരു വർഷക്കാലം ഞങ്ങളുടെ സൗഹൃദത്തിന്റെ പൂക്കാലമായിരുന്നു. ഒന്നിച്ചുള്ള യാത്രകൾ, പൊതുപ്രവർത്തനങ്ങൾ, സർഗാത്മക ചിന്തകൾ... ഞങ്ങൾ സജീവതയോടെ ക്രിയാത്മകമാക്കിയ ജീവിത കാലഘട്ടം.

സുഹൃത്ത് ആത്മീയമായി ഏറെ വളർന്നു. ഞങ്ങൾക്കിടയിൽ നിറസാന്നിധ്യമായി പോസിറ്റീവ് ഊർജ്ജം നിറച്ചുകൊണ്ടിരിക്കെ പൊടുന്നനെ ഒരു യാത്രയ്ക്കിടയിൽ അപകടത്തിൽപെട്ട് ഞങ്ങളെയെല്ലാംസങ്കടപ്പെടുത്തിക്കൊണ്ട് അദ്ദേഹം മരണത്തിലേക്ക് നടന്നുപോയി. സുഹൃത്തിന്റെ വിയോഗം സൃഷ്ടിച്ച ആ കറുത്ത ദിനങ്ങളിൽ അദ്ദേഹത്തിന്റെ ദു:ഖാർത്തരായ കുടുംബാംഗങ്ങൾക്കൊപ്പം ചിലവഴിക്കാനായി ഞങ്ങൾ സുഹൃത്തുക്കൾ നിത്യവും പോകാറുണ്ടായിരുന്നു. ഒരുദിവസം അദ്ദേഹത്തിന്റെ മുറിയിലെ ഡയറിക്കുറിപ്പുകളും കത്തുകളുമെല്ലാം ഭാര്യയുടെ അനുവാദത്തോടെ എടുത്ത് കണ്ണോടിച്ചുകൊണ്ടിരിക്കെ ഞാൻ സ്നേഹഗുരുവായി അയച്ച കത്തിനെ കുറിച്ച് ഓർത്തു.ഞങ്ങളുടെസൗഹൃദബന്ധത്തിൽ മറച്ചുവെയ്ക്കപ്പെട്ട ഏകരഹസ്യമായ ആ അജ്ഞാതകത്തിനെ കുറിച്ച് ഞാൻ സുഹൃത്തിന്റെഭാര്യയോട് സൂചിപ്പിച്ചു. അവർഅകത്തുപോയിഒരു കവറെടുത്തുകൊണ്ടുവന്ന് എനിക്കു നീട്ടി. അതെ! പഴയ ആ കവർ തന്നെ. വളരെ സംഘർഷത്തിൽ അദ്ദേഹം കഴിഞ്ഞിരുന്ന ഘട്ടത്തിൽ ആരോ അയച്ചുകൊടുത്ത ഒരു കത്താണിതെന്നും

......... ശേഷം അടുത്ത പേജിൽ

## പുസ്തകങ്ങൾ

### തീരെച്ചെറിയ പുല്ലിന്റെ വേരുകൾ (കഥകൾ)

നടരാജൻ ബോണക്കാട്

പസാധകർ: സെഡ് ലൈബ്രറി
എൻ.സി. ഹോസ്പിറ്റൽ കോംപ്ലക്സ്
എം.പി. അപ്പൻ റോഡ്, തൈക്കാട്.പി.ഒ.
തിരുവനന്തപുരം

പേജ്: 68
വില: 50

---

ചായം ധർമ്മരാജന്റെ രണ്ട് പുസ്തകങ്ങൾ

പേജ്: 70, വില: 50

1. അതീവ രാവിലെ (കവിതകൾ
2. സമാസമം (കവിതകൾ)

പേജ്: 72, വില: 50

പ്രസാധകർ: സി.ഡി.ആർ ബുക്സ്, തിരുവനന്തപുരം

---

## ഘടികാരം

### കവിത കടലാകുന്ന വഴികൾ

കവിതാ പതിപ്പ് 2011
ചലനം: ഇരുപത്

ഘടികാരത്തിന്റെ ഈ ലക്കം കവിതാപതിപ്പാണ്. പുതുകവിതയെക്കുറിച്ച് ചർച്ചകളും പഠനങ്ങളും സജീവമാകുന്ന സമയമാണിത്. ജീവിതത്തിന്റെ അതിസൂക്ഷ്മമായ ചലനങ്ങളെ ഒപ്പിയെടുക്കാൻ പുതുകവിത ജാഗ്രത കാണിക്കുന്നു. വിലക്കുകളും നിയമങ്ങളും ഒരു വശത്ത് ബലം പിടിക്കുമ്പോൾ ഒട്ടും വിലയില്ലാതാകുന്ന ജീവിതത്തെ ശ്രദ്ധിക്കുന്നുവെന്നതാണ് പുതുകവിതയുടെ ഏറ്റവും വലിയ നേട്ടം. ഒരു കാലത്ത് കവിതയിലിടം നേടാനാവാതെ ചില സത്യങ്ങൾ നമുക്കു നേരെ ചിരിച്ചിരുന്നു. ഇന്ന് ഏറ്റവും വൃത്തിഹീനമെന്ന് മുദ്രകുത്തി പൊതുസമൂഹം മുഖം തിരിക്കുന്ന ഇടങ്ങളിൽ നിന്ന് കവിത ഉണ്ടാകുന്നു. അതുപോലെ അക്കാദമിക പാരമ്പര്യങ്ങളിൽ നിന്ന് കവിത മുക്തി നേടിയിട്ടുമുണ്ട്. ഒരു സാധാരണ തൊഴിലാളിക്ക് അവന്റെ ജീവിതം എഴുതാൻ ഇന്ന് കവിതയാണ് ഏക മാർഗ്ഗം. പാട്ടുകവിതകൾ വെറും താൽക്കാലിക പ്രതിഭാസമാണെന്ന തിരിച്ചറിവ് നല്ല വായനക്കാർക്കുണ്ട്. ജീവിതത്തിന്റെ കാണാപ്പുറങ്ങളിൽ നിന്നും കണ്ടെടുക്കുന്ന കവിതയ്ക്കൊപ്പം വായനക്കാർ നിൽക്കുന്നു.

പുതുകവിതയെക്കുറിച്ചുള്ള ചർച്ചയാണ് ഈ ലക്കത്തിന്റെ സവിശേഷത. ഇതിൽ നിന്നുണ്ടാകുന്ന തുടർ വർത്തമാനങ്ങൾ കവിതയ്ക്ക് ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കാം. ഈ പതിപ്പിൽ ഏറ്റവും പുതിയ തലമുറയിലെ കവികളെക്കൂടി ഉൾപ്പെടുത്താനായതിൽ ആഹ്ലാദമുണ്ട്. *(എഡിറ്റോറിയലിൽ നിന്ന്)*

ബന്ധങ്ങൾക്ക്
എഡിറ്റർ, ഘടികാരം, ഠോ
കരിപ്പൂർ, നെടുമങ്ങാട്-695541
ഫോൺ: 9745275663

## ഉമ്മകൾ

### വിമീഷ് മണിയൂർ



കുളിമുറിയോടു ചേർന്ന വട്ടങ്ങളെയുള്ള ഒരു
മുറി ആണ്ടുപോയി.ഭൂമിക്കിടയിൽ വളരെ
നാളായ് സഞ്ചരിച്ചുപോന്ന രണ്ട്
ലെസ്ബിയൻഉറവകൾ ആ മുറി കണ്ട്
ഇഷ്ടപ്പെട്ട് തമ്പടിച്ചുപടവുകളിൽ കേറി നിന്ന്
കെട്ടിപ്പിടിച്ച് പൊത്തിപ്പിടിച്ചു.
ഇതൊന്നുംകണ്ട്വേറാരുംവഴിതെറ്റെണ്ടന്ന്
കരുതി ആൾമറ കെട്ടിച്ചു.കോരിയെടുത്ത
ഓരോന്നും ഉടുത്തഴിച്ചിട്ട ഉമ്മകളായിരുന്നു
എന്നുവെച്ചാൽ
ആണ്
അതേ
ഉറപ്പാണ്.

---

*..........സ്നേഹഗുരു*



അതുവായിച്ച് കരഞ്ഞുവെന്നും അദ്ദഹം നിധിപോലെ അത് സൂക്ഷിച്ചിരുന്നുവെന്നും അവർ എന്നോട് പറഞ്ഞു. മാത്രവുമല്ല അതിനുശേഷം അദ്ദേഹത്തിൽ വലിയ മാറ്റങ്ങൾ വന്നുവെന്നും ആത്മീയവഴിയിൽ സഞ്ചരിക്കാൻ തുടങ്ങുകയും മുമ്പുണ്ടായിരുന്ന പരുഷതകൾ പോയി ശാന്തപ്രകൃതനായി മാറുകയുണ്ടായെന്നും അവർ ഇടറിയ ശബ്ദത്തിൽ പറഞ്ഞു. ഞാനാണതയച്ചതെന്ന് അദ്ദേഹം ഒരിക്കലും അറിഞ്ഞിരുന്നില്ലെന്ന് അവർ പറഞ്ഞപ്പോൾ ഞാനും വല്ലാത്തൊരവസ്ഥയിലായി. സുഹൃത്തിനു മുമ്പിൽ ജീവിച്ചിരിക്കുമ്പോൾ മറച്ചുവെച്ച ആ രഹസ്യം ഇപ്പോഴെങ്കിലും തുറന്നുപറഞ്ഞല്ലോ. എനിക്ക് ആശ്വാസമായി.

ഇന്നും ഓഷോ എനിക്ക് ഒരു തണലാണ്. സാന്ത്വനവും തിരിച്ചറിവും പകർന്നുതരുന്ന സ്നേഹഗുരു!

# കുഴൽ കിണറിനെ കുറിച്ച് വീട്ടമ്മയ്ക്ക് പറയാനുള്ളത്!



രേവതി പാലക്കാട്

ഇത്, ഒരു വീട്ടമ്മയുടെ പരിഭവമാണ്. കുഴൽക്കിണറിലെ വെള്ളമാണ് ഏറ്റവും നല്ലതെന്ന് ധരിച്ചുവെച്ചിരിക്കുന്ന ഓരോരുത്തർക്കുമുള്ള താക്കീതും. സംഭവം പാലക്കാട് ജില്ലയിലാണ്. 350 അടിയിലേറെ ഭൂമിയുടെ മാറ് തുരന്നപ്പോഴാണ് വെള്ളം കണ്ടുകിട്ടിയത്. ഗൃഹസ്ഥനും കുടുംബത്തിനും വളരെ സന്തോഷമായി. സമീപത്ത് ഒരു മാളികയും പണിതു. സസുഖം ജീവിതം തുടങ്ങി, ഒപ്പം പ്രശ്നങ്ങളും. രാവിലെ പാചകം ചെയ്യുന്ന ഭക്ഷണം ഉച്ചയാവുമ്പോഴേക്കും ചീത്തയാവുന്നു. പരിഭവം ആരോട് പറയാൻ. വൈകീട്ട് വെക്കുന്ന ഭക്ഷണം ബാക്കിയുണ്ടെങ്കിൽ അടുത്ത ദിവസത്തേക്ക് നാറിയിരിക്കും. കളഞ്ഞാൽ മറ്റൊരു ജീവിയും ഭക്ഷിക്കില്ലെന്നു മാത്രമല്ല അടുത്തുകൂടി പോവില്ല. ഈ വെള്ളം കുടിച്ച്, ഭക്ഷണം കഴിച്ച് ഞങ്ങളുടെ 5 കൊല്ലം കടന്നുപോയി. അപ്പോഴേക്കും എനിക്കും ഭർത്താവിനും മക്കൾക്കും ഹൃദ്രോഗം, കരളിന് രോഗം, വിശപ്പില്ലായ്മ, ക്ഷീണം, തളർച്ച, മുതലായ അനവധി പ്രശ്നങ്ങൾ കണ്ടുതുടങ്ങി. ചികിത്സ കൊണ്ട് രോഗശമനം ഇല്ലാതെ കിടപ്പിലുമായി.

ഇത്രയും ആയപ്പോഴേക്കും ഒരു ചെറിയ ബോധോദയം ഉണ്ടായി. കിണറിലെ വെള്ളമെടുത്ത് പരിശോധനക്കയച്ചു. റിസൾട്ട് വന്നപ്പോൾ എല്ലാവരും ഞെട്ടിപ്പോയി. ഓരോ മൂലകങ്ങളും അനുവദനീയമായ അളവിന്റെ 60 ഇരട്ടിയോളം കൂടുതൽ. ചെടിക്ക് നനയ്ക്കാൻ പോലും പാടില്ലത്രേ! വീട്ടിൽ രോഷത്തിന്റെയും ദു:ഖത്തിന്റെയും കൊടുംതിരി ആളിക്കത്തി. ഇനി, ഈ വീട്ടിലെ കുഴൽക്കിണറിൽ നിന്നും ഒരു തുള്ളി വെള്ളം ഉപയോഗിക്കില്ലെന്ന ശാഠ്യത്തിൽ, പ്രതിജ്ഞയിൽ വഴങ്ങി വീണ്ടും ഒരു സാധാരാണ കിണർ കുഴിച്ചു. ഭാഗ്യത്തിന് വെള്ളം കണ്ടു. ഈ വെള്ളം ഉപയോഗിക്കാൻ തുടങ്ങിയതോടെ രോഗങ്ങൾ പതിയെ പിൻമാറാൻ തുടങ്ങി. ഇപ്പോഴും പൂർണ്ണമായിട്ടില്ല.കുഴൽക്കിണർ കുഴിക്കുന്നവരോട് - അതിലെ വെള്ളം കുടിക്കുന്നവരോട് വിനയത്തോടെ ഈ സഹോദരിയുടെ ഒരപേക്ഷത്ര മാത്രം. ദയവുചെയ്ത് ഈ വെള്ളം ഉപയോഗിക്കുന്നതിനു മുമ്പ് ചെടിക്ക് നനയ്ക്കാനെങ്കിലും കൊള്ളുമോയെന്ന് രണ്ടോ മൂന്നോ ലാബിൽ പരിശോധിപ്പിക്കുക. കാരണം ഓരോ ലാബിന്റെ റിപ്പോർട്ടും വ്യത്യസ്തമായിരിക്കും. അതിനു ശേഷം തീരുമാനിക്കുക കുഴൽക്കിണർ എങ്ങനെ ഉപയോഗിക്കണമെന്ന്.

*(കടപ്പാട്: ഒരേ ഭൂമി ഒരേ ജീവൻ)*

## കടലുയർന്നാൽ നഷ്ടം 340 ലക്ഷം കോടി

പുതിയ സെൻസസ് പ്രകാരം നഗരങ്ങളിൽ ഗ്രാമത്തിലേതുപോലെ പെൺകുട്ടികൾ അവഗണന നേരിടുന്നുവത്രെ! പുതിയ സർവ്വെ പ്രകാരം 1000 ആൺകുട്ടികൾക്ക് 914 പെൺകുട്ടികളാണ്. ഇന്ത്യയിൽ 1991 ൽ ഇത് 1000 ത്തിന് 927 ആയിരുന്നു. സാമ്പത്തികശക്തിയായി ഇന്ത്യ കുതിക്കുമ്പോളാണിത്!

## അതിഥി സൽക്കാര ധൂർത്തിനെതിരെ സർക്കാർ

ഭക്ഷ്യസുരക്ഷാ ബിൽ നിയമമാക്കാൻ ഒരുങ്ങുമ്പോൾ അതിഥിസൽക്കാരത്തിന്റെ പേരിൽ നടക്കുന്ന ഭക്ഷ്യധൂർത്തിനെതിരെയും സർക്കാർ. ഗ്ലോബൽ ഹംഗർ ഇൻഡക്സിൽ 67-ാം സ്ഥാനത്തുള്ള രാജ്യത്ത് ഭക്ഷണത്തിന്റെ പേരിലുള്ള ഒരു ധൂർത്തും അനുവദിക്കില്ലെന്ന് ഭക്ഷ്യമന്ത്രി കെ.വി.തോമസ് വ്യക്തമാക്കി.

## ഒരു വെള്ളക്കണക്ക്



സക്കന്റിൽ 8 ലിറ്റർ ശരാശരി വെള്ളമൊഴുകുന്ന ഒരു കുഞ്ഞുതോട്ടിലൂടെ/അരുവിയിലൂടെ 6 മാസമെങ്കിലും വെള്ളമൊഴുകുന്നുണ്ടെങ്കിൽ അതുവഴി ഏറ്റവും കുറഞ്ഞത് 12 കോടി ലിറ്റർ വെള്ളമൊഴുകി അടുത്ത പുഴയിലെത്തുന്നുണ്ടാവണം (8*60*60*24*180 = 12,44,16,000 ലിറ്റർ). ഒരു കുഞ്ഞുതോട്ടിലൂടെ ഇത്ര വെള്ളമൊഴുകുന്നുണ്ടെങ്കിൽ നമ്മുടെ പെരിയാറിലൂടെയും നിളയിലൂടെയും ചാലിയാറിലൂടെയും ഒഴുകുന്നത് എത്ര കോടി ലിറ്റർ ജലമാണ്. എന്നിട്ടും നമുക്ക് വർഷം മുഴുവൻ ജലക്ഷാമം!

## മസ്തിഷ്കം മരിക്കാതിരിക്കാൻ



പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ മസ്തിഷ്കത്തിൽ ഓരോ ദിവസവും ആയിരക്കണക്കിന് കോശങ്ങൾ ഉണ്ടാകുന്നുണ്ട്. പഠനവും ഓർമ്മയും നിയന്ത്രിക്കുന്ന തലച്ചോറിന്റെ ഭാഗമായ ഹിപ്പോകാമ്പസിലാണ് ഇവ ഉണ്ടാകുന്നത്. എന്നാൽ ഇവയെ ഉപയോഗിക്കത്തക്കവിധം പുതുതായി ഒന്നും പഠിക്കുന്നില്ലെങ്കിൽ രണ്ടാഴ്ചയ്ക്കകം തന്നെ പുതുതായി ജനിച്ച കോശങ്ങൾ മരിച്ചു പോകും. കൂടുതൽ ശ്രദ്ധയും പ്രയത്നവും ആവശ്യമുള്ള കാര്യങ്ങളാണ് ഈ ന്യൂറോണുകളെ നിലനിർത്താനായി പഠിക്കേണ്ടത്. മസ്തിഷ്ക പ്രവർത്തനങ്ങൾ കാലക്രമേണ മന്ദഗതിയിലാകുന്നത് തടയാൻ തുടർച്ചയായ പുതിയ വിഷയങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നത് സഹായകമാണെന്ന് റൂഡ് ജേർസ് യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ കൊളാബറേറ്റീവ് ന്യൂറോ സയൻസിലെ പ്രൊഫസറായ ട്രാൻസി ജെഷോർ എന്ന മന:ശാസ്ത്രജ്ഞൻ പഠനങ്ങൾ വഴി തെളിയിക്കുന്നു.

## ചെറുപ്പക്കാരെക്കാൾ മുതിർന്നവർ ്. കൂടുതൽ ഉഷാർ!

ജർമ്മനിയിലെ മെഴ്സിഡൻസ് ബെൻസ് കമ്പനി തൊഴിലാളികളിൽ നടത്തിയ പഠനത്തിൽ ചെറുപ്പക്കാരായ തൊഴിലാളികളെക്കാൾ ചുറുചുറുക്കോടെ ജോലി ചെയ്യുന്നതും കൂടുതൽ പ്രൊഡക്റ്റിവിറ്റി പ്രകടിപ്പിക്കുന്നതും പ്രായമായ തൊഴിലാളികളെന്ന് തെളിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസം കൂടുതലുള്ള ചെറുപ്പക്കാർ തൊഴിലിൽ വേഗം മടുപ്പ് കാണിക്കുകയും ബോറടിക്കുകയും അലസരാവുകയും ചെയ്യുമ്പോൾ വിദ്യാഭ്യാസം കുറഞ്ഞ മുതിർന്നവർ കൂടുതൽ ഉഷാറോടെ ജോലി ചെയ്യുന്നുവത്രെ! ലണ്ടനിലെ ഡെയ്‌ലി മെയിൽ പ്രസിദ്ധീകരിച്ച പഠനം നിർബന്ധിത പിരിഞ്ഞുപോകൽ സ്കീമുകളിലൂടെ പ്രായമായവരെ പറഞ്ഞുവിടാൻ കൊണ്ടുപിടിച്ച് ശ്രമിക്കുന്ന വൻകിട കമ്പനികളെ മറിച്ച് ചിന്തിപ്പിക്കുമോ?

ഹൈക്കു

## ബാഷോ

**മൊഴിമാറ്റം: എം.പി. പ്രതീഷ്**



1
വർഷം തീരുന്നു,
അപ്പത്തിനായി
മാവുണ്ടാക്കുന്നതിന്റെ പ്രതിധ്വനി
ഏകാന്തമായി നിദ്രയിൽ

2
പാടുക കുക്കുപ്പക്ഷീ,
നീ ആറാം മാസത്തിൽ
പൂക്കുന്ന പ്ലം വൃക്ഷം

3
ശീതകാലം പെയ്യുന്നതെവിടെയാവും?
കൈയിൽ കുടയുമായി
മടങ്ങുന്ന സന്യാസി.

4
പാറക്കൂട്ടം പൊഴിഞ്ഞിരിക്കുന്നു
ജലം വരണ്ടുകഴിഞ്ഞു.
ശീതകാലത്തിന്റെ തോന്നൽ പോലുമില്ല.

5
കുതിര പതിയെ നടക്കുന്നു,
ഞാനെന്നെ കാണുന്നു,
വേനലിൽ ചതുപ്പു വരയ്ക്കുന്നത്.

## കവിയും യുദ്ധവും

**കുരീപ്പുഴ ശ്രീകുമാർ**

ഇരുപതാം നൂറ്റാണ്ടിന്റെ ഉച്ചയിലാണ് അമേരിക്ക കൊറിയയെ കൊല്ലാൻ ശ്രമിച്ചത്. ഐക്യരാഷ്ട്രസേനയുടെ മറവിൽ അമേരിക്കൻ അതിക്രമമായിരുന്നു. പൗരൻമാരോട് ഉത്തരം കിട്ടാത്ത ചോദ്യം ചോദിച്ചിട്ട് നിർദ്ദയം നിറയൊഴിച്ചുകൊന്നു.
ഒരു ദിവസം തീനാളം പോലെ തെളിഞ്ഞ ഒരു കൊറിയൻ മാതാവിനെ പിടികൂടി. കമ്മ്യൂണിസ്റ്റുകാരനായ ഭർത്താവിനെ പിടികിട്ടിയില്ലെങ്കിൽ, എന്റെ നെഞ്ചിൽ വെടിവയ്ക്കുക, അദ്ദേഹം അവിടെയുണ്ട് എന്നുപറഞ്ഞിട്ട് ആ അമ്മ മനുഷ്യസ്നേഹത്തെ കുറിച്ചുള്ള കൊറിയൻ നാടോടിപ്പാട്ട് പാടി. നരാനുരാഗത്തിന്റെ ചിരി ഒരു ചെറിപ്പൂവിൽ ഒതുങ്ങാൻ കഴിവുള്ളതാണ്. അതിന്റെ കണ്ണീർ കടലും കവിയുന്നതാണ്. പ്രണയഗാനം പാടിനിർത്തിയ പെണ്ണിനെ അമേരിക്കൻ ഭടൻ വെടിവെച്ചുകൊന്നു. അവളുടെ ഏറാപ്പിലുണ്ടായിരുന്ന കുഞ്ഞ് അലറിക്കരഞ്ഞപ്പോൾ ഏറ്റെടുക്കാൻ വൈലോപ്പിള്ളിയിലെ കവിയുണ്ടായിരുന്നു.
മഹാകവി വൈലോപ്പിള്ളിയുടെ കൊറിയയിൽ സീയൂളിൽ എന്ന കവിത, യുദ്ധകാലത്ത് ഒരു കവി എടുക്കേണ്ട നിലപാടിന്റെ പ്രഖ്യാപനമാണ്

***ലിറ്റിൽ മാസിക: ജനുവരി 2002***



ഒരു മാസിക ഇങ്ങനെയൊക്കെയാണ് നിലനിൽക്കുന്നത്.

**പരസ്യമോ, മറ്റു വരുമാനമോ ഇല്ലാത്ത ലിറ്റിൽ മാസികയ്ക്ക് അത്യാവശ്യഘട്ടത്തിൽ അഞ്ചു വർഷത്തേക്കുള്ള വരിസംഖ്യയായി 500 രൂപ മുൻകൂറായി തന്നു സഹായിച്ച സുഹൃത്തുക്കൾ:**

1. വി.പി.എം. ഹനീഫ, മോഹനം, എടവണ്ണ 2. ഹരിഹരൻ, ഗ്ലാൻസ് സ്റ്റുഡിയോ, മലപ്പുറം 3. ഗിരീഷ്.ഡി., ജനറൽ മാനേജർ, ഇ.കെ.നായനാർ ഹോസ്പിറ്റൽ, എടവണ്ണ 4. പ്രമോദ് ഇരുമ്പുഴി, അവന്തിക, ഇരുമ്പുഴി, 5. വി.പി. അബ്ദുറഹിമാൻ, പെരൂൽ, പത്തപ്പിരിയം 6. നർഗീസ് ടീച്ചർ, പൂവഞ്ചിറ, രണ്ടത്താണി, കോട്ടക്കൽ 7. പി.വി. അബ്ദുസ്സമദ്, കിഴക്കെ ചാത്തല്ലൂർ, എടവണ്ണ 8. ജയരാജൻ പത്തപ്പിരിയം, ജയമന്ദിരം, പത്തപ്പിരിയം 9. മേരി ജോസഫ്, കൊളത്താൻ വീട്, തൃക്കലങ്ങോട് 10. സൈനബ.എ., ബാങ്ക് റോഡ്, മേലാക്കം, മഞ്ചേരി 11. നിഷാദ്, വലിയവീട്ടിൽ, പുളിക്കൽ 12. ഹസ്സൻ മമ്പാട്, റിയാദ് 13. സന്തോഷ് ജോസഫ്, ഡബ്ലിൻ, അയർലണ്ട് 14. അഷ്റഫ്.പി., ഐഡിയൽ ഗ്രൂപ്പ് ഓഫ് കൺസ്ട്രക്ഷൻസ്, എടവണ്ണ 15. നിഷ.ഇ.കെ., കനവ്, തൃക്കലങ്ങോട് 16. എം.എം. സാദിഖ്, നൂർമഹൽ, എടവണ്ണ 17. കൃഷ്ണൻ, പാണ്ടത്ത് മന, കാറൽമണ്ണ 18. ഡോ. പി.സി. ഷാഹുൽ അമീൻ, ചങ്ങനാശ്ശേരി 19. അഡ്വ.എം.കേശവൻ നായർ, മഞ്ചേരി 20. അഡ്വ.എസ്. ബിജിലാൽ, നിലമ്പൂർ 21. സീനത്ത് ടീച്ചർ, നൂപുരം, മീനടത്തൂർ, തിരൂർ 22. പ്രിയ മനോഹർ, മാർത്തോമ ഹൈസ്കൂൾ, ചുങ്കത്തറ23. സുജാത ജയപ്രകാശ്, നിലമ്പൂർ




# ലിറ്റിൽ ടാക്കീസ്


*ലിറ്റിൽ ടാക്കീസ്* ചെറു സിനിമാ/ഡോക്യുമെന്ററി യൂണിറ്റിന്റെ പ്രഥമ സംരംഭമായ '*ഫോട്ടോഷോപ്പ്*' ഷോർട് ഫിലിം പ്രകാ.ശനം സക്കറിയ നിർവ്വഹിച്ചു.

തൊണ്ണൂറുകളുടെ തുടക്കത്തിലാണ് നിലമ്പൂർ പ്രകൃതിപഠനകേന്ദ്രവും ലിറ്റിൽ മാസികയും ആരംഭിക്കുന്നത്. സമാനഹൃദയരായ സുഹൃത്തുക്കൾ ഒത്തുചേരുന്ന പ്രസക്തങ്ങളായ രണ്ടിടങ്ങളായി ഇവ രണ്ടും മാറിയിട്ടുണ്ട്. സൗമ്യമായി, എന്നാൽ ആത്മാർത്ഥതയും ലക്ഷ്യബോധവും കൊണ്ട് ചെറിയ ചെറിയ ചലനങ്ങളെങ്കിലും ഇവയ്ക്ക് ഉണ്ടാക്കുവാനായി എന്ന് കരുതുന്നവരുണ്ട്. വലിയ സംഘടനാശേഷിയോ മൂലധന പിന്തുണയോ ഇല്ലാത്ത തികച്ചും അനൗപചാരിക കൂട്ടായ്മകളായി നിലനിൽക്കുന്നതിന്റെ രസതന്ത്രം സുഹൃത്തുക്കൾ സ്വായത്തമാക്കുന്നതിന്റെ വിജയം കൂടിയാണിത്. സാങ്കേതികവിദ്യ കൈക്കുമ്പിളിൽ താണിറങ്ങിവരുന്നത് സാധ്യതയാക്കിമാറ്റാൻ, അതുവഴി ചെറുസിനിമ/ഡോക്യുമെന്ററി നിർമ്മാണത്തിന്റെ പുതിയ ഇടപെടലിനാണ് സുഹൃത്തുക്കൾ ഇപ്പോൾ മുതിർന്നിരിക്കുന്നത്. ലിറ്റിൽ ടാക്കീസ് എന്നു പേരിട്ടിരിക്കുന്ന ചെറു സിനിമാ/ഡോക്യുമെന്ററി യൂണിറ്റിന്റെ പ്രഥമ സംരംഭമായ 'ഫോട്ടോഷോപ്പ്' എന്ന ഷോർട് ഫിലിം എല്ലാ അർത്ഥത്തിലും സീറോ ബജറ്റ് സംരംഭമാണ്. ആലോചനയിലും, നിർമ്മാണത്തിലും, ക്രിയാത്മകതയിലും സുഹൃത്തുക്കളുടെ ലഭ്യമായ വിഭവവും സമയവും സാഹചര്യങ്ങളും മാത്രം മൂലധനമാവുകയായിരുന്നു. ഇക്കഴിഞ്ഞ മാർച്ച് 8-ാം തിയ്യതി നിലമ്പൂരിൽ വീട്ടിക്കുത്ത് സാംസ്കാരിക നിലയത്തിൽ വെച്ച് നടന്ന ചെറിയ സുഹൃദ്സംഗമത്തിൽ വെച്ച് 'ഫോട്ടോഷോപ്പി'ന്റെ പ്രകാശനം എഴുത്തുകാരനായ സക്കറിയ നിർവ്വഹിച്ചു. സതീഷ് ചളിപ്പാടം സംവിധാനം നിർവ്വഹിച്ച സിനിമയുടെ നിർമ്മാണം സന്തോഷ് ജോസഫാണ്. ഹാരിസ് നെൻമേനിയുടെ അതേ പേരിലുള്ള കഥയാണ് ദൃശ്യരൂപം സ്വീകരിച്ചത്. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടുകളാവുന്ന കാലത്ത് ദൃശ്യമാധ്യമം അതിസൂക്ഷ്മമായി ജാഗ്രതയോടെ മാത്രം കൈകാര്യം ചെയ്യേണ്ടതാണ് എന്ന് ലിറ്റിൽ ടാക്കീസ് ഉറച്ചുവിശ്വസിക്കുന്നു. പ്രമേയത്തിന്റെ തിരഞ്ഞെടുപ്പിലും നിർമ്മാണത്തിലും, ഭാഷയിലും സ്വന്തമായ 'സ്പേസ്' അന്വേഷിച്ചുകൊണ്ടുതന്നെയാവും ലിറ്റിൽ ടാക്കീസിന്റെ കാൽവെപ്പുകൾ.

ബന്ധങ്ങൾക്ക് വിളിക്കുക: 9995418989

---

# യംഗ് വോയ്സ്



## ആർട്സ് & സ്പോർട്സ് ക്ലബ്

**കൊടുമുടി,വളാഞ്ചേരി,**

കൊടുമുടി യംഗ് ക്ലബ്ബ് പുന:സംഘടിപ്പിച്ചു.
പുതിയ സെക്രട്ടറി: ബഷീർ.പി.എം.
പ്രസിഡന്റ്: ഹുസൈൻ വളവ്
ടീം മാനേജർ: ഇക്ബാൽ

ക്ലബ്ബ്, യംഗ് വോയ്സ്പരിസ്ഥിതി സംഘം രൂപീകരിച്ചു.
ക്ലബ്ബിലെ മുഴുവൻ അംഗങ്ങളും പുകവലി, ലഹരിപദാർത്ഥങ്ങൾ ബഹിഷ്ക്കരിക്കാൻ തീരുമാനിച്ചു. ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു

Mob: 9946708903

Edited,Prited ,Published and Owned by Biju John. Printed at 4 Prints for Co Operative Press Chungathara